# മഷിപ്പച്ച

## വിഷുപ്പതിപ്പ്

പുസ്തകം 7 ലക്കം 1 പേജുകൾ 43 ഏപ്രിൽ 2026

സുരേന്ദ്രൻ മങ്ങാട്ട്
സ്റ്റെല്ല മാത്യു
ദർശന
സുഭാഷ് പോണോളി
ശഫീഖ് അബ്ദുല്ല
ഹാജറ
ബഷീർ മുളിവയൽ
സുമംഗല
രമ പിഷാരടി
കൃഷ്ണകുമാർ മാപ്രാണം
കയ്യുമ്മു
രാജു കാഞ്ഞിരങ്ങാട്
ശ്രീജ വിജയൻ
സിന്ധു ഗാഥ
ഡോ. രമ്യാരാജ്
ഡോ. സജീവ്കുമാർ



ചിറകുള്ള വാക്കുകൾ
കവിത: സന്ധ്യ ഇ



കാർട്ടൂൺ കേരളം
ബാലചന്ദ്രൻ എം ആർ



JOS ALUKKAS
A TRADITION OF FINE JEWELLERY
Shubha Akshaya Tritiya
സർവ്വഐശ്വര്യങ്ങളും
നിങ്ങളെ കാത്തിരിക്കുന്നു
*T&C Apply
ബുക്ക് ചെയ്യാൻ സ്കാൻ ചെയ്യുക
അക്ഷയ തൃതീയ
അഡ്വാൻസ് ബുക്കിംഗ് ഓഫർ
വെറും 10% അടച്ച്
ഉയരുന്ന സ്വർണ്ണവിലയിൽ
നിന്നും സംരക്ഷണം നേടൂ
സ്വർണ്ണാഭരണങ്ങൾ വാങ്ങു, നേടൂ
₹100*
ക്യാഷ്ബാക്ക് ഓരോ ഗ്രാമിനും
*ക്യാഷ്ബാക്ക് വൗച്ചറുകൾ ഏപ്രിൽ 19നും മേയ് 3നും ഇടയിൽ വിനിയോഗിക്കാം.
*ഗോൾഡ് കോയിൻ, ഗോൾഡ് ബാർ, സിൽവർ എന്നിവയ്ക്ക് ബാധകമല്ല.
ഗോൾഡ്
പണിക്കൂലിയിൽ
30%
വരെ ഡിസ്കൗണ്ട്
ഡയമണ്ട്സ്
30%
ഡിസ്കൗണ്ട് ഡയമണ്ടിന്
Round East, THRISSUR. Ph: 0487-2331812


# Editor's page:




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**



'മഷിപ്പച്ച' പുതിയ ലക്കം വിഷുപ്പതിപ്പാണ്. സമ്മിശ്രമായ വായനാനുഭവം പകരുന്ന 25 കവിതകൾ ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അകിര കുസാക്ക എന്ന ജാപ്പനീസ് ഇലസ്ട്രേറ്ററുടെ ഒരു പെയിന്റിങ്ങിൽ നിന്നും പറന്നു പൊങ്ങിയ ശലഭങ്ങൾ ഒരു കവിതയ്ക്ക് പ്രചോദനമായതും ഈ ലക്കത്തിൽ വായിക്കാം. 'ചിറകുള്ള വാക്കുകൾ' എന്ന കവിതയിലൂടെ സന്ധ്യ ഇ മറ്റൊരു മനോഹരമായ ചിത്രം ആലേഖനം ചെയ്തിരിക്കുന്നു.

നിയമസഭാ തെരഞ്ഞെടുപ്പ് ചൂട് അതിന്റെ പാരമ്യത്തിൽ എത്തി നിൽക്കുന്നതിനിടയ്ക്കാണ് വിഷുപ്പതിപ്പ് പ്രകാശിതമാകുന്നത്. കടുത്ത വേനലിന്റെ എരിച്ചിൽ കെടുത്താത്ത ആവേശം മത്സരാർത്ഥികളിലും പിന്തുണയ്ക്കുന്നവരിലും ദൃശ്യമാണ്. എന്തിനീ പ്രചാരണ കോലാഹലം എന്ന് പലപ്പോഴും ചിന്തയ്ക്ക് വകയാകാറുണ്ട്. പോയ വർഷങ്ങളിൽ ഭരണവും പ്രതിപക്ഷവും സാമൂഹിക പ്രശ്നങ്ങളിൽ ഇടപ്പെട്ടത്, സമ്മതിദായകനിൽ ഉറച്ച തീരുമാനങ്ങൾക്ക് ഹേതുവായിട്ടുണ്ട്. കൊട്ടിക്കലാശങ്ങൾ ആ തീരുമാനം തിരുത്താൻ പര്യാപ്തമാകുമെന്ന മൂഢ വിശ്വാസം ഇനിയെന്നാണ് രാഷ്ട്രീയ പാർട്ടികൾ കുടഞ്ഞു കളയുക! എങ്ങനെ കൊട്ടിക്കയറിയാലും സമ്മതിദാനം ആർക്കെന്ന വോട്ടറുടെ തീരുമാനത്തിൽ മാറ്റം ഉണ്ടാകുമെന്ന്, ഈ നവീന കാലത്ത് ആശിക്കാൻ വയ്യ.

വോട്ടർ കടന്നുപോയ വഴികളിൽ നേരിട്ടതും കണ്ടതും വ്യസനിച്ചതും ആഹ്ലാദിച്ചതും എല്ലാം വോട്ടായി മാറി കഴിഞ്ഞു. അത് ഇനി പെട്ടിയിൽ രേഖപ്പെടുത്തണം എന്നേയുള്ളൂ. അവസാന ദിവസങ്ങളിലെ ആഘോഷ കൊട്ടി കയറലുകൾ സംഭവിച്ചില്ലെങ്കിലും വോട്ടർ നിശ്ചയിച്ചുറപ്പിച്ച സമ്മതിദാനം പെട്ടിയിൽ നിറയും. അവസാന വട്ട ഗിമിക്കുകൾ വിധി നിർണയിക്കും എന്ന മൂഢ വിശ്വാസത്തിൽ നിന്നും രാഷ്ട്രീയ പാർട്ടികൾ മുക്തരാകട്ടെ. ഭരിക്കുന്നവർ ജനത്തിന്റെ ആവശ്യങ്ങൾക്ക് മുഖം തിരിക്കാതെ എക്കാലത്തും ഒപ്പം നിൽക്കാൻ ശ്രമിക്കട്ടെ. തെരഞ്ഞെടുപ്പ് കാലത്തെ അനാവശ്യ കൊട്ടി കയറലുകൾ പിന്നെ തനിയെ വിസ്മരിക്കപ്പെടും. ജനപ്രിയ ഭരണം കാഴ്ച വെക്കുന്നതിലൂടെ അടുത്ത തെരഞ്ഞെടുപ്പിന്റെ അടിത്തറ ഉറപ്പിക്കുവാൻ ഭരണകർത്താക്കൾക്ക് സാധിക്കും എന്നതാണ് ജനവിധി.

**സി ആർ രാജൻ**
**എഡിറ്റർ**

# അകത്താളുകളിൽ

## കഥ

സുരേന്ദ്രൻ മങ്ങാട്ട് ............... പേജ് 14
ദർശന ............................ പേജ് 15


## ലേഖനം

ലാവണ്യ മുല്ലശേരി ................ പേജ് 21
ബിനു വെളിയനാടൻ ........... പേജ് 40


## കാർട്ടൂൺ

എം.ആർ.ബാലചന്ദ്രൻ ........... പേജ് 5



## കുട്ടികളുടെ മഷിപ്പച്ച

വര, കവിത ....................... പേജ് 41


## കവിത

സന്ധ്യ ഇ.......................... പേജ് 7
രമാ പിഷാരടി ...................... പേജ് 8
സുഭാഷ് പോണോളി .............. പേജ് 9
ഹാജറ കെ.എം. .................. പേജ് 10
സുമംഗല പി കെ ................ പേജ് 11
ശഫീഖ് അബ്ദുള്ള ............. പേജ് 12
സ്റ്റെല്ല മാത്യു ...................... പേജ് 13
ബഷീർ മുളിവയൽ .............. പേജ് 23
കയ്യുമ്മു കോട്ടപ്പടി ............. പേജ് 24
ശ്രീജ വിജയൻ .................. പേജ് 25
പ്രിൻസ് .......................... പേജ് 26
കൃഷ്ണകുമാർ മാപ്രാണം ..... പേജ് 27
ദീപ ദിനേശ് ....................... പേജ് 28
ജസിയ ഷാജഹാൻ ............ പേജ് 29
നിബിൻ കള്ളിക്കാട്............ പേജ് 30
ഡോ. കിരൺ വിൻസന്റ് ........ പേജ് 31
രേഖ സി.ജി. ..................... പേജ് 32
സിന്ധു ഗാഥ....................... പേജ് 33
ഡോ രമ്യാരാജ്.................. പേജ് 34
രാജു കാഞ്ഞിരക്കാട്............ പേജ് 35
അജയ്ഘോഷ് എം.ബി ......... പേജ് 36
രജനി സുരേന്ദ്രൻ................. പേജ് 37
ഡോ. പി. സജീവ്കുമാർ ........ പേജ് 38
ഉഷ കെ........................... പേജ് 39


മഞ്ഞുമ്മൽ ബോയ്സ്
നെതന്യാ...
ട്രംപൂ...
ഇവിടെ
നെതന്യാഹുവുമില്ല, ട്രംപുമില്ല. അവർ
കൊന്നുതള്ളിയ ഞങ്ങൾ കുഞ്ഞുങ്ങൾ മാത്രം



എം.ആർ. ബാലചന്ദ്രൻ



അകിര കുസാക്ക എന്ന ജാപ്പനീസ് ഇലസ്ട്രേറ്ററുടെ ചിത്രം.
ഇ സന്ധ്യയുടെ മനോഹര കവിതക്ക് പ്രചോദനം.


**കവിത**

# ചിറകുള്ള വാക്കുകൾ



**സന്ധ്യ ഇ**

എന്റെ എഴുത്തുമേശക്കു സമീപം ഞാനിരുന്നു
ചതുര ജനാലക്കു മുന്നിൽ നിന്ന്
പതിവുപോലെ ചന്ദ്രനെ വിളിച്ചു
അവനാണെന്റെ പ്രചോദനം
അവനാണെന്റെ ഭാവനയിലേക്ക്
വാക്കുകളെ കുടഞ്ഞിട്ട് കവിതയാക്കുന്നത്
വിളിച്ചയുടൻ
അവൻ കുറച്ചു നക്ഷത്രങ്ങൾക്കൊപ്പം
പുറത്തു വന്നുനിന്നു
'ഇനി എഴുതിക്കോ' എന്നു പറഞ്ഞു നടക്കാൻ പോയ
ഏതോ ഒരിടത്തുനിന്നു കൊണ്ടുവന്ന വെള്ളത്തൂവൽ
അവനെനിക്ക് പേനയായി ഉപയോഗിക്കാൻ തന്നിരുന്നു
മേഘം നനുപ്പിച്ചുണ്ടാക്കിയ കടലാസും ഞാൻ എഴുതുന്നതും നോക്കി
അവനും നക്ഷത്രങ്ങളും ക്ഷമയോടെ കാത്തുനിന്നു.
ചിലപ്പോഴങ്ങനെയാണ്
എല്ലാം തികഞ്ഞാലും ഒറ്റവാക്കു പോലും വരികയില്ല
അവനുവേണ്ടി എനിക്കെന്തെങ്കിലും എഴുതാതെ വയ്യ
എനിക്കു വേണ്ടി ഒന്നും എഴുതാനും വയ്യ ഞാൻ
രാത്രിയിലേക്കും വെളിച്ചത്തിലേക്കും അകത്തേക്കും
പുറത്തേക്കും മേഘങ്ങളിലേക്കും തൂവലിലേക്കും
അവനിലേക്കും എന്നിലേക്കും മാറിമാറി നോക്കി
ഒരു വരി ! ആദ്യത്തെ വരിയെങ്കിലും!
മുമ്പെഴുതിയതിനെക്കുറിച്ചോർത്തു
ഉറക്കത്തിൽ കവിത നിറഞ്ഞിരുന്നതിനെ
ക്കുറിച്ചോർത്തു
അപ്പോൾ എന്നെ വന്നു തൊട്ട അവാച്യമായ
അനുഭൂതിയെക്കുറിച്ചോർത്തു ഒന്നാമത്തെ വാക്കിനായി ധ്യാനിച്ചു
സെക്കന്റുകൾ, മിനിറ്റുകൾ, മണിക്കൂറുകൾ,...
മടുത്തു മടുത്ത് അവൻ മടങ്ങിപ്പോകുമോ
എന്നു ഞാനാശങ്കപ്പെട്ടു
അന്നേരമാണതുണ്ടായത്
എന്റെ ഇടതുവശത്തു വെച്ച ആകാശത്തിന്റെ
നിറമുള്ള കപ്പിൽ നിന്ന്
വാക്കുകളോ അതോ കുഞ്ഞു പക്ഷികളോ -
എനിക്ക് മനസ്സിലായില്ല -
കൂട്ടമായി ഉയർന്നു വരാൻ തുടങ്ങി
ഒന്നിന് പിറകെ ഒന്നായി
അവയങ്ങനെ എനിക്ക് ചുറ്റും പറക്കാൻ തുടങ്ങി
നിർന്നിമേഷയായി
അത് കണ്ടുനിൽക്കെ
ഞാൻ എഴുത്തിനെപ്പറ്റി മറന്നു
എഴുതാനാവാത്തതിനെപ്പറ്റി മറന്നു ചിലത്
എഴുതണമെന്നില്ലല്ലോ എന്ന് ഞാനവനോട് പറയാൻ
തുടങ്ങവേ അവനതേ വാക്കുകൾ എന്നോട്
പറഞ്ഞ് തിരിച്ചു പോകാനൊരുങ്ങി
ഞാൻ സ്വസ്ഥമായി ഇന്നുറങ്ങും.



# കണികാണും നേരം

കവിത



രമാ പിഷാരടി



തീവെയിൽക്കാറ്റും, ദുരന്തരാവും-
കടന്നാവിഷുക്കണിയൊരുങ്ങുമ്പോൾ

പാതി കത്തിക്കരിഞ്ഞൊരു മൺചെരാതിലായ്-
പൂവ് പോലൊരു കനൽപ്പൊട്ട്

വിഷുവിന്റെ പക്ഷിക്ക് പാട്ട് പാടാൻ തപോ-
വനമൊന്ന് പ്രകൃതി നെയ്യുമ്പോൾ

അഗ്നിശിലയുരുകുന്ന രണഭൂമിയിൽ
കരിങ്കനലിൻ തമസ്സ് മൂടുന്നു

അന്ധകാരത്തിൻ പടർന്ന മുൾവേലിയിൽ-
പിന്നെയും വിസ്ഫോടനങ്ങൾ

പകയും പരാതിയും മേൽക്കോയ്മയും തീർത്ത-
മണലിന്റെ കോട്ടകൾക്കുള്ളിൽ,

പിരിയനൊരു ഗോവണിച്ചോട്ടിൽ  മുഖം കുനി-
ച്ചുയിരിൻ  പലായനം കാൺകെ;

മതിലും കടന്ന് പോകുന്നുണ്ട് വാക്കിന്റെ-
കുറുകലും, സ്വപ്നവും, നോവും

കണികാണുവാൻ വച്ച ഹൃദയത്തിലൊരു-
കനൽത്തരിവീണ് പൊള്ളുന്നു വീണ്ടും

ഇലകളിൽ പച്ചകുത്തുന്നുണ്ട് വേരിന്റെ
സിരകൾ പകർന്ന  ചിത്രങ്ങൾ

അകലെയൊരു വൻകരയതിന്റെ തീരങ്ങളിൽ
ജലനൗകകൾ പടഹഘോഷം

കണിവച്ച ഗ്രാമീണഭൂമിയുടെ നെറ്റിയിൽ-
പഴമയുടെ പ്രാചീനമുദ്ര!

പുതിയ കാലത്തിന്റെ നെറ്റിയിൽ തീപ്പന്ത-
മെരിയുന്ന കോലാഹലങ്ങൾ

പഴിയും, പരാതിയുമതില്ലാതെ വാസന്ത-
ഋതുവും, പ്രതീക്ഷയും,  നേരും..

# സാക്ഷി



ഉറക്കത്തിൽ ഉള്ളാഴത്തിലെ
ഉലഞ്ഞ മെത്തയിൽ ഞാൻ നിശ്ചലനാണ്.

അതിരില്ലാത്ത ഇരുട്ടിൽ ഒറ്റയ്ക്ക് ദൂരമാന്തി
ഒഴുകിപ്പോവുകയാണ് കാലമിപ്പോഴും.

അതിജീവനത്തിന്റെ കടലാസുവഞ്ചിയിൽ
നീയാളുകളെ
തിക്കി നിറയ്ക്കുന്നു

ചോര തോരാത്ത കത്തികൊണ്ടന്റെ ശിരസ്സിൽ
വിജയക്കൊടിമരം നടാൻ കുഴിയെടുക്കുകയാണ്
ഇപ്പോഴും നീ.


പാതികാഴ്ചയറ്റ
 തിമിര നേത്രങ്ങളിൽ ഹിംസാജ്ഞാനത്തിനായ്
നേർച്ചക്കോഴികളുടെ തലയറുത്തറുത്ത്
ഞരമ്പുകളിൽ ചോരമണമിറ്റുന്നു.

കമഴ്ന്ന് വീണ ആകാശക്കോളാമ്പിയിൽ നിന്ന്
ഒരുൽക്കയിൽ ഉലയുന്ന
കരച്ചിൽ
 നീ കേൾക്കുന്നുണ്ടോ?

ആടിയുലഞ്ഞ മനസ്സാക്ഷിയുടെ
സമയ സൂചിയിൽ പ്രാണൻ പകുത്ത
പ്രണയിനികളുടെ രാശിയില്ലാ
കർമ്മ കേതു പൊള്ളിയടരുന്നു.

ഉരുണ്ടു കൂടിയ മഴശലഭങ്ങൾ പറന്നുവന്നെന്റെ
പഴുത്ത ലാർവ്വാംശങ്ങളിൽ കൂടുവെയ്ക്കുന്നു.

ഉത്തരങ്ങളിൽ
കൂട്ടിമുട്ടി ജ്വലിച്ച
തീപ്പക്ഷികൾ
പാറിപ്പറക്കുന്നത് നോക്കി നിൽക്കുകയാണിപ്പൊഴും നീ......



സുഭാഷ് പോണോളി



# ആത്മഹത്യാ കുറിപ്പ്



ഹാജറ കെ.എം

കവിത

ആത്മഹത്യാ
കുറിപ്പെഴുതുന്നവരുടെ
മനസ്സിൽ
  എഴുതാൻ
ഇനിയും പലതും
ബാക്കിയുണ്ടാവില്ലേ?

പറയണമെന്നുള്ളതെല്ലാം
വാക്കുകളായി പുറത്തുവരാതെ
ഉള്ളിൽത്തന്നെ മരിച്ചു വീണിട്ടുണ്ടാവില്ലേ?

കീറിപ്പറിഞ്ഞു പോയ
ഹൃദയത്തിൽ നിന്നും പെറുക്കിയെടുത്തൊരു
താളിലാവും അവർ ആ
അവസാനത്തെ വാക്കുകൾ കുറിച്ചിട്ടുണ്ടാവുക.

കണ്ണിലെ പുഴ കാഴ്ചകളെ
 മറച്ചതിനാൽ അക്ഷരങ്ങളുടെ വക്കുകൾ
പൊട്ടുകയും വികൃതമാവുകയും
ചെയ്തിട്ടുണ്ടാവും.

എഴുതി മുഴുമിപ്പിക്കാൻ
 കഴിയാത്ത
വാക്കുകളിലേയ്ക്ക്
നോക്കിയിരുന്ന് നിസ്സഹായതയിൽ പൊതിഞ്ഞ
നെടുവീർപ്പുകൾ ആ കടലാസിൽ
ഈർപ്പം നിറച്ചിട്ടിട്ടുണ്ടാവും

ഒരു ജന്മം അവസാനിപ്പിക്കുന്നതിന്റെ
കാരണമായതിനെ
ആരെയൊക്കെയോ
അറിയിച്ചതിന്റെ
സംതൃപ്തി നിറഞ്ഞൊരു
കദനച്ചിരി
ആ മുഖത്ത്
തെളിഞ്ഞിട്ടുണ്ടാവും

അതു വായിച്ചു
വേദനിക്കുന്നവരുടെയും
തേങ്ങിക്കരയുന്നവരുടെയും
മുഖം അന്നേരം ആ മുഖത്ത്
പ്രകാശം മിന്നിച്ചിട്ടുണ്ടാവും -

പൊട്ടിപ്പിളർന്നു പോയ ഹൃദയത്തെ
വീണ്ടെടുക്കാനാവാത്തതിന്റെ
നൊമ്പരം
ആ ചെറുതെങ്കിലും വലിയ കുറിപ്പിൽ
എഴുതാൻ മറന്നു പോയിട്ടുണ്ടാവും -

എങ്കിലും അവരറിയുന്നില്ലല്ലോ
ആർക്കും വായിക്കാൻ കിട്ടാതെ
ആരുടെയൊക്കെയോ
കൈകളിൽ ഞെരിഞ്ഞമർന്ന്
ഒടുവിൽ ഏതോ ഫയലിനടിയിൽ
ആ കുറിപ്പും
മണ്ണിനടിയിൽ ആ ജഢവും
സമാന്തരമായങ്ങനെ കിടക്കുകയേയുള്ളൂവെന്ന് ...

കവിത

# ഇല്ലായ്മകളിലുള്ളത്



സുമംഗല. പി കെ

ചില 'ഇല്ലായ്മകൾ' അങ്ങനെയാണ്.
ഇല്ലായ്മകളിലാണ്, ഉണ്ടായിരുന്നതിനേക്കാൾ
കൂടുതൽ സാന്നിധ്യം അനുഭവിക്കുക.
ശ്വാസം പോലെ,
തുടിക്കുന്ന ഹൃദയം പോലെ
ആ ഇല്ലായ്മ
പിരിയാതെ
നമ്മിലങ്ങനെ ജീവിക്കും
പ്രിയതരങ്ങളായ മറ്റൊന്നിനും
നമ്മെ ദിശമാറ്റാൻ കഴിയാതെ.
അസാന്നിധ്യത്തിലെ
ആ രഹസ്യ സാന്നിധ്യത്തെ
ആരും കാണാതെ നാം കൊണ്ട് നടക്കും.
നമ്മിൽ അല്ലാതെ നാം ജീവിക്കും
ഊണും ഉറക്കവും സ്വത്വവും മറന്ന്..!
ശ്വാസം കിട്ടാതെ,
പ്രാണനെ കുടഞ്ഞെറിയണോ..?
അതിലലിഞ്ഞു തീരണോ...?
എന്നറിയാതെ പിടയും.
കഴിയില്ല എന്ന തിരിച്ചറിവിൽ
ഇല്ലായ്മയെ ചേർത്തുപിടിച്ചു ജീവിക്കും
അങ്ങനെയങ്ങനെ.......
ഇപ്പോൾ ആ ഇല്ലായ്മയിലു -
ള്ളത് മാത്രം മതി എന്നായി.
ഇപ്പോഴാണ്
സത്യസന്ധമായി കൂടെയുള്ളതും
കൈ പിരിയാതെ കൂടെ ചേർത്തതും..!



# ഇന്നലെകൾ



ശഫീഖ് അബ്ദുല്ല

ഇന്നലെകൾക്ക്
അസ്തമയച്ചുവപ്പിന്റെ
നിറമായിരുന്നു.
തെളിഞ്ഞുകത്തിയപ്പോഴേക്കും
നിമിഷാർദ്രങ്ങളുടെ
കുതിച്ചോട്ടത്തിൽ
എരിഞ്ഞടങ്ങി,
പടിഞ്ഞാറടക്കംവെച്ചത്.

പൂർത്തിയാക്കാൻ
ബാക്കിവെച്ച കവിതപോലെ,
സ്വപ്നങ്ങളേറെയും
പൂർണ്ണവിരാമമിടാതെ
വാക്കുകൾ മുറിച്ചിട്ടു.

സമൃദ്ധിയുടെ
സകലഭാവങ്ങളുമേന്തി
സുന്ദരമായൊഴുകിയ പുഴ
അനധികൃതമായ
കൈകടത്തലിലാണ്
പൊടുന്നനെയൊഴുക്കുനിലച്ചത്.

ഗതിമാറിയൊഴുകാത്ത പുഴകൾ
കാലങ്ങൾക്കിപ്പുറവും,
നിലാവെത്തിനോക്കാത്ത
അസ്തമയാനന്തര
ഇരുട്ടുമാത്രമാണ്
ബാക്കിവയ്ക്കുക.

അപ്രതീക്ഷിതമായി
പിടഞ്ഞുവീണിട്ടും,
ഇരുൾഭേദിച്ച്
പുതിയൊരാകാശത്തിലേക്ക്
ചിറകുതുന്നിയ
പറവകൾമാത്രമാണ്
അനന്തമായംബരത്തിന്റെ
നെറുകയിൽ ചുംബിച്ചിട്ടുള്ളത്.

# ചീരകാലം ചീര

ഉപേക്ഷിച്ച വനമെ, ഭൂമിയിലിതൊക്കെ സാധാരണം.
എങ്കിലും അപ്രതീക്ഷിത യാമത്തിൽ കതകുമുട്ടി
ചീര ചോദിച്ചതിനാൽ
ഞാനിപ്പോൾ വിവശയായിരിക്കുന്നു.

തോട്ടത്തിലെ ചീര വാടിയത് കൊണ്ടല്ല.

നീ വന്ന യാമത്തിൽ പൂത്ത പിലാവ്
ചെടികളിലിപ്പോഴും ചക്ക നിറയുന്നുണ്ട്.
നീ വന്നതുകൊണ്ടു മാത്രം പഴുത്ത വാഴകൾ
ഇനി വിശ്രമമില്ലാതെ കുലച്ചുകൊണ്ടിരിക്കും.

അവിടേക്കൊരു അധിക ശ്രദ്ധ പോവുന്നതിനാൽ
നനയാത്ത ചീര, അടുപ്പമില്ലായ്മയുടെ അടയാളമാണ്.
കണ്ടാൽ അറിയാം,
ചന്തയിലേക്കുള്ള കുട്ടയിൽ ഇനി ചീരത്തളിർപ്പില്ല.

ഇന്നലെ മകൻ എടുത്തിട്ട സൈറ്റിൽ
മരുത്വാമലയുടെ ക്ലോസപ്പ് ഉണ്ടായിരുന്നു.
നിശ്ചയം - ഞാനതിൽ ചീര കണ്ടു.
ആശ്രമവാടിയിൽ ചീരയെ പരിപാലിക്കുന്ന
ശകുന്തളയെ അവൻ കാണിച്ചു തന്നു.
ജഹമിo തൊട്ട് കാണിച്ച്,
ഇതെവിടെയമ്മേ? എന്നെന്നോട് ചോദിച്ചു.

വൈദേശിയർ വന്നു അമൂല്യമായ പലതിന്റെയും
വേരു മുറിച്ചെന്ന് ഞാനവനോട് പറഞ്ഞു.
സുഗന്ധവ്യഞ്ജനമല്ലാതിരിക്കെ,
ചീരയെ കൂടെകൂട്ടിയ സായ്പുമാരുടെ കഥയവിടെ വളരട്ടെ.

ഗ്രീഷ്മത്തിലെ പുറ്റിൽ ഞാനെന്റെ ധ്യാനത്തെ അടക്കി.
ചീരയുടെ ഒരില
സസ്യശാസ്ത്ര പുസ്തകത്തിൽ മകൻ തിരയുന്നു.
ഗൂഗിൾ സേർച്ചിൽ ശാസ്ത്രീയ നാമം അന്വേഷിക്കുന്നു.
മണ്ണില്ലാതെ വളരുന്ന പലതും പറഞ്ഞു കൊടുക്കാൻ,
എനിക്കൊരില വേണം.
ഒന്നല്ല കുറെയധികം.
കൈകളിൽ
മൊട്ടുകൾ നടണം.,


അവർ
ജീവന്റെ plant ചോദിക്കുന്നു.
'മരാമരാ' ജപക്കാട്ടിൽ
ചീരവിത്ത് എറിയണം.
മകന് അതിലെ ഒരു തളിര് കൈമാറണം.

ഉപേക്ഷിക്കപ്പെട്ട വനമെ,
മൂകം നില്പിൽ,
കണ്ണടർപ്പിൽ ഒഴുകുന്ന നീരിൽ
എവിടെയോ,
വിരൽ നഖത്തിലെ നുള്ള്,
ചുണ്ടിലെ ഓറഞ്ചുനിറത്തിൽ താഴ്ത്തി,
നീയെന്ന ചെഞ്ചീര,
ഞാൻ ഉതിർത്തിയെടുക്കുന്നു.

വിചാരച്ചുഴികളിലെല്ലാം വിത്തിടുന്നു.
മുടിയറ്റ് വീഴാതിരിക്കാൻ
ഉറക്കമില്ലാ രാത്രികളിലെ പൂന്തോട്ടത്തിൽ
ഞാനതിന്റെ ഉപ്പ് നടുന്നു.



സ്റ്റെല്ല മാത്യു



# വയസ്സൻ നായ

**വാ**തിൽ തുറന്ന് സിറ്റൗട്ടിലേക്ക് കടക്കുമ്പോൾ അയാൾക്കു തൊട്ടു പിറകിലായി പതിമൂന്ന് വയസ്സുകാരനായ പേരക്കുട്ടിയെത്തി.

' ഗ്രാന്റ്പ്പാ എങ്ങോട്ടുപോകുന്നു?'

'ഞാൻ കവല വരെ നടന്നിട്ട് വരാം നീ വാതിൽ അടച്ചോ..'

'ഈവനിംഗ് വാക്കിന് വിടരുതെന്ന് മമ്മി പറഞ്ഞിട്ടുണ്ട്, ഇപ്പോൾ പോകേണ്ട ആവശ്യമെന്താ ?'

കൗമാരക്കാരനിൽ, കയ്യിലുള്ള മൊബൈൽ ഫോണിൽ നിന്ന് പുറത്തുകടക്കേണ്ടി വന്നതിലുള്ള അസ്വസ്ഥത പ്രകടമായിരുന്നു.

'മമ്മി നെക്സ്റ്റ് വീക്ക് വരുന്നതുവരെ അടങ്ങിയിരുന്നു കൂടെ, ഗ്രാന്റ്പ്പാക്ക് ആവശ്യമുള്ളതെല്ലാം ഇവിടിരുന്ന് ഓൺലൈനായി വരുത്താലോ....'

' കവലയിൽ പോയാൽ സുഹൃത്തുക്കളെയൊക്കെ കാണാം.'

അയാളുടെ പാദങ്ങൾ ചെരുപ്പുകളുടെ ഉള്ളറകളിലേക്ക് തിടുക്കപ്പെട്ടു കയറി.

' അതിനിവിടിരുന്ന് ചാറ്റ് ചെയ്യാമല്ലോ, കാണണമെങ്കിൽ വീഡിയോ കോൾ ചെയ്താൽ മതിയല്ലോ. മണ്ണും പൊടിയും തട്ടി നടക്കണോ.....?

അയാൾ മുറ്റത്തേക്ക് നടക്കാൻ തുടങ്ങിയിരുന്നു. കൗമാരക്കാരൻ മൊബൈൽ സ്ക്രീനിൽ എന്തൊക്കെയോ വിരലുകൾ കൊണ്ട് പരതിയശേഷം ശബ്ദമുയർത്തി.

' കവലയിലേക്ക് വൺ പോയിന്റ് ഫൈവ് കിലോമീറ്റർ ദൂരം. ഓൺ ദ വേ യിൽ ഒരു പോണ്ട് ഉണ്ട്. റോഡ് കുറച്ച് ഭാഗം സ്ലോപ്പ് ആണ്....'

അയാൾ തിരിഞ്ഞു നിന്നു .

' ഒരു കാര്യം ചോദിക്കട്ടെ മോനെ...'

അവൻ കട്ടികണ്ണടയിലൂടെ ചോദ്യഭാവത്തിൽ മുതിർന്ന പൗരനെ തുറിച്ചുനോക്കി.

'നിനക്ക് നമ്മുടെ മതിലിനപ്പുറത്തുള്ള ആ വീട്ടുകാരെ അറിയുമോ അല്ലെങ്കിൽ അതിനുമപ്പുറത്തുള്ള വീട്ടുകാർ ...?'

അയാൾ അയൽ വീടുകളിലേക്ക് കൈചൂണ്ടി.

കുട്ടി ഇല്ലെന്ന രീതിയിൽ തലകുലുക്കി.

' നമ്മുടെ ഗേറ്റിനു മുന്നിലൂടെ പോകുന്ന ഈ റോഡിന്റെ ആദ്യവും അന്തവും എവിടെയെന്ന് നിനക്കറിയാമോ ?'

കുട്ടി പുച്ഛഭാവത്തിൽ, തലകുനിച്ച് മൊബൈലിലെന്തോ തിരയാൻ തുടങ്ങി. അയാൾ ഗേറ്റിനു നേരെ തിരിഞ്ഞു.

' എനിക്കീവഴിയിൽ കാണുന്ന ആൾക്കാരോടും മരങ്ങളോടും മണ്ണിനോടുമൊക്കെ വർത്തമാനം പറഞ്ഞ് നടക്കണം. കുളത്തിലെ മീനുകളെ കാണണം. ആകാശത്തു വട്ടമിട്ടു പറക്കുന്ന പക്ഷികളെ കാണണം. കവലക്കടുത്ത് കലുങ്കിനുതാഴെയുറങ്ങുന്ന പട്ടികളും പൂച്ചകളും വരെ എന്റെ പരിചയക്കാരാണ്. ഇതൊന്നും പറഞ്ഞാൽ....'

അയാൾ പറച്ചിൽ നിർത്തി,

പൂർണ്ണമായും നരച്ചു പോയ തലമുടി വശങ്ങളിലേക്ക് കോതിയൊതുക്കി മുന്നോട്ട് നടക്കുമ്പോൾ, കുട്ടിയുടെ വായിൽ നിന്നും തെറിച്ചു വീണ

വാക്കുകളയാളെ മറികടന്നു.

' യൂ, ഓൾഡ് ഡോഗ്....'

നടന്നുകൊണ്ടിരിക്കെ അയാൾ വെറുതെ ചിരിക്കാൻ ശ്രമിച്ചു.



സുരേന്ദ്രൻ മങ്ങാട്ട്

മിനികഥ



കഥ

# ബ്രാഹ്മണിക്കൽ ഹെജിമണിയും ഹേമാംബികയും



ദർശന

ദ്യുതി വൈകീട്ടാണ് ഹോസ്റ്റലിൽ നിന്നും വീട്ടിലെത്തിയത്. വന്നപാടെ ക്ഷീണം കാരണം ഉറങ്ങിപ്പോയിരുന്നു. നല്ല വിശപ്പോടെയാണ് രാവിലെ അടുക്കളയിലേക്ക് എത്തിയത്.

നോക്കുമ്പോൾ ഹേമാംബിക ദോശ ചുടുന്നു. സമീപത്ത് പാത്രങ്ങളിൽ എന്തൊക്കെയോ മുടിവെച്ചിട്ടുണ്ട്. അവൾ അത് തുറന്നു നോക്കി സാമ്പാറും ചട്നിയും മസാലക്കറിയുമാണ്.

‘ഇതെന്താ ബ്രാഹ്മണിക്കൽ ഹെജിമണിയാ ഈ വീട്ടിലും .ഇത് മടുത്തിട്ടാ ഞാൻ ഹോസ്റ്റലിൽനിന്നും വന്നത് തന്നെ.‘.

‘എന്റെ മോളെ രാവിലെ ഒന്ന് അഡ്ജസ്റ്റ് ചെയ്യ്. അച്ഛന് നോൺ പറ്റില്ലന്ന് നിനക്കറിഞ്ഞൂടെ? വൈകിട്ട് ടോമിച്ചന്റെ



വീട്ടിലേക്ക് പോണം . ഇച്ചായന്റെ ബർത്ത്ഡേ യാ. നമ്മളെ മാത്രേ വിളിച്ചിട്ടുള്ളൂ. ഇനി വരുമ്പോ നിന്നേം കൊണ്ട് ചെല്ലാൻ ഗ്രേസിയാന്റി പറഞ്ഞിട്ടുണ്ട്.

‘ എനിക്കിന്ന് വരാൻ പറ്റില്ല. എന്റെ കൂട്ടുകാരി വരും. പ്രാക്ടീസ് ചെയ്യണം നാളെ പ്രോഗ്രാമുള്ളതാ .‘

ദ്യുതി കലാക്ഷേത്രയിലാണ് പഠിക്കുന്നത്. വല്ലപ്പോഴുമേ നാട്ടിൽ വരാറുള്ളൂ. അത് തന്നെ ഏതെങ്കിലും പ്രോഗ്രാമുമായി ബന്ധപ്പെട്ടാകും..

‘ഞാൻ അമ്മയോട് പറഞ്ഞിരുന്നതല്ലേ. ഇത്ര പെട്ടെന്ന് മറന്നു പോയോ.?’

അവൾ ബാത്റൂമിലേക്ക് കയറിപ്പോയി.

ഹേമാംബിക ഒരു സ്വകാര്യ കമ്പനിയിലെ അക്കൗണ്ടന്റ് ആണ്. ഭർത്താവ് മോഹൻ ടോമി അസോസിയേറ്റ്സ് ലെ ഗുമസ്തനായിരുന്നു.

ടോമി അസോസിയേറ്റ്സ് ചില്ലറക്കാരല്ല കേട്ടോ. പണ്ടൊക്കെ വക്കീലന്മാർ സ്വന്തം നിലയ്ക്കാണ് കേസ് പിടിച്ചിരുന്നത്. മൊത്തത്തില് ഒന്നോ രണ്ടോ അസോസിയേഷനെ ഉണ്ടായിരുന്നുള്ളൂ. രാഷ്ട്രീയത്തിന്റെ നിറം നോക്കി ചെലപ്പോ കൂടുന്നു ന്ന് മാത്രം . എന്നാ ഇപ്പോൾ മൊത്തം അസോസിയേറ്റ്സ് ആണ് ഭരതൻ അസോസിയേറ്റ്സ് രാമചന്ദ്രൻ അസോസിയേറ്റ്സ്, പ്രതാപ് അസോസിയേറ്റ്സ് എന്നിങ്ങനെയുള്ള വമ്പന്മാർ നിറഞ്ഞുനിൽക്കുന്ന സാമ്രാജ്യത്തിലേക്കാണ് ടോമി അസോസിയേറ്റ്സ് ഇടതുകാൽ വച്ച് തുടങ്ങിയത് . ടോമിച്ചന് പണ്ടേ വലതിൽ വിശ്വാസമില്ലായിരുന്നു . ഇച്ചായന്റെ അമ്മച്ചി വിപ്ലവത്തിന്റെ ആരാധികയായിരുന്നു . അടിയന്തരാവസ്ഥക്കാലത്ത് ഒളിവിലിരിക്കുന്ന സഖാക്കൾക്ക് ഭക്ഷണം ഉണ്ടാക്കി രഹസ്യമായി എത്തിച്ചു

നൽകുക, ലഘുലേഖകൾ എത്തേണ്ടിടത്ത് എത്തിക്കുക, എന്നതൊക്കെ ചെയ്തിരുന്ന സഖാത്തിയായിരുന്നു . എന്നാ കണ്ടാലോ ഒരു പാവം . സ്നേഹമുള്ള അമ്മച്ചി. അവരെ കാണുമ്പോഴൊക്കെ ഹേമ മാക്സിം ഗോർക്കിയുടെ അമ്മയെ ഓർക്കും . കാണുമ്പോൾ വെളുത്ത പഞ്ഞിക്കെട്ട് പോലെയുള്ള മുടി ഒതുക്കി ഒരു ചിരിയുണ്ട് . . കണ്ണുകൾ അങ്ങനെ ഇറുകി അടഞ്ഞു പോകും. ആ ചിരിയാണ് ടോമിച്ചന് കിട്ടിയേക്കുന്നത്.

ഒപ്പം നിൽക്കുന്നവരെ ചേർത്തുപിടിക്കണ മനുഷ്യനാ. അതുകൊണ്ടല്ലേ അസോസിയേറ്റ്സുകളുടെ ഇടയിൽ ടോമി അസോസിയേറ്റ്സ് മുൻനിരയിൽ വിലസിയത്. മോഹന് ടോമിച്ചനെ പറ്റി പറയുമ്പോൾ നൂറു നാവാണ് . പക്ഷേ ഹേമയ്ക്ക് ഇഷ്ടം അയാളുടെ കെട്ട്യോളെയാണ് .

പാവമാണ് ട്ടോ ഗ്രേസി ചേച്ചി . അവരുടെ മനക്കരുത്ത് അപാരമാണ്. ഏത് പ്രതിസന്ധിയിലും ധൈര്യം വിടാതെ ശാന്തയായി .

ഡോക്ടർ ആയാലോ അവൾ ചിന്തിക്കുകയായിരുന്നു .

അന്നേരത്താണ് സന്ധ്യയുടെ ചോദ്യം

'നിനക്ക് ആരാ ഹേമാംബിക എന്ന് പേരിട്ടേ. എന്തൊരു പഴഞ്ചൻ പേരാ ഇത്? ഇന്നത്തെ കാലത്ത് ഒരു കുട്ടികൾക്കും ഇങ്ങനെ പേരുണ്ടാവില്ല'

എന്റെ അച്ഛനാ ആ പേരിട്ടത്. ഹേമാന്നാ അച്ഛൻ പേര് പറഞ്ഞത്. പിന്നെ അമ്മമ്മയോടുള്ള ഇഷ്ടം കാരണം അമ്മമ്മയുടെ അംബിക കൂട്ടിച്ചേർത്തു. അങ്ങനെയാണ്

ഹേമാംബികയായത്.'

'അപ്പോ ഹേമ ചന്ദ്രനോ ? ചന്ദ്രൻ നല്ലല്ലോ നിന്റെ അച്ചാച്ചന്റെ പേര്. '

'ആ... എന്റെ പേരിനോട് ഒത്തു പോകണ്ടേ, അതാവും.എന്തേ ഇപ്പൊ ഇത്രേം കാലം ഇല്ലാത്ത ഒരു പേര് നോക്കൽ?

അല്ലേലും ഒരു പേരിലെന്തിരിക്കുന്നു.'

ഹേമ ചിരിച്ചു.



മോഹനും ടോമിച്ചനും വർത്തമാനം പറയുന്നതും നോക്കിയിരിക്കെ

അവരെ ആദ്യമായി കണ്ട രംഗം ഓർത്തു പോയി ഹേമ. പത്താം ക്ലാസിൽ പഠിക്കുമ്പോഴാണ്. സ്റ്റഡി ലീവ് ആരംഭിക്കുന്നതിനു മുൻപ് ഒരു ക്ലാസിലാണ് ക്ലാസ് ടീച്ചർ സുജാത ആ ചോദ്യം ചോദിക്കുന്നത്

എന്താവാനാണ് ഇഷ്ടമെന്ന്.

കുട്ടികൾ ഓരോരുത്തരായി മറുപടി പറഞ്ഞു കൊണ്ടേയിരുന്നു ഡോക്ടർ, എൻജിനീയർ, ടീച്ചർ എന്നിങ്ങനെ മാറിമാറി. അമ്മമ്മയെ ചികിത്സിക്കാൻ വരുന്ന വിജയരാഘവൻ ഡോക്ടറെ അവൾക്കിഷ്ടമാണ് അച്ചാച്ചന്റെ സുഹൃത്താണ് ആ ഡോക്ടർ. എന്ത് സ്നേഹമായിട്ടാണ് അമ്മമ്മയെ പരിചരിക്കുന്നത്. രോഗത്തെപ്പറ്റി വിശദീകരിക്കുന്നത്. വരുമ്പോൾ പോക്കറ്റിൽ രണ്ടു കോപ്പിക്കോ ഉണ്ടാകും. ഒരെണ്ണം ഹേമയ്ക്കും മറ്റേത് അവളുടെ അനിയൻ ഹേമ ചന്ദ്രനും ഉള്ളതാണ്.

വിജയരാഘവൻ ഡോക്ടറെ പോലെ ഒരു

'കുഞ്ഞമ്മാവന്റെ പേര് രാമൻന്നായിരുന്നു. കുഞ്ഞമ്മാവൻ കല്യാണം കഴിച്ച അമ്മായിയുടെ പേര് സീതാന്നായിരുന്നു. ഒരു മാസം തികച്ച് താമസിച്ചില്ല ഒരുമിച്ച്. പിരിഞ്ഞു.

'അതെന്താ '

സന്ധ്യയുടെ

ആകാംക്ഷയ്ക്ക് വിരാമമിട്ട് അവൾ തുടർന്നു. 'സീതാന്റിക്ക് ജോലിക്ക് പോകണം.

കുഞ്ഞമ്മാവൻ താഹസിൽദാര് . പുള്ളിക്ക് ഭാര്യ വീട്ടിൽ തന്നെ ഉണ്ടാവണം. കഴിയാനുള്ള വക പുള്ളി ഉണ്ടാക്കിയിട്ടുണ്ട്. അടുക്കള ഭരണ വുമായി ഇരുന്നാൽ മതി ന്ന്'

'അതിന് എന്നെക്കൊണ്ട് ആവില്ല ന്ന് സീതാന്റി തീർത്തു പറഞ്ഞു. അടുക്കള ഭരണവും കുട്ടികളെയും നോക്കാം പക്ഷേ ജോലി കളയുന്ന പ്രശ്നമില്ലെ ന്ന് സീതാന്റി. '

'നിന്റെ സീതാന്റി ഒരു മണ്ടിയാ. എന്താ സുഖം

തഹസിൽദാരുടെ ഭാര്യയായിട്ട് ചമഞ്ഞൊരുങ്ങി നടക്കാല്ലോ . അല്ലെങ്കിൽ തന്നെ ഈ ജോലി എന്ന് പറയുന്നതിന് കാണുന്നത്ര രസമില്ല. തലവേദനയാ സീതാന്റി ടെ സ്ഥാനത്ത് ഞാനാന്ന് ച്ചാ നൂറുവട്ടം സമ്മതിച്ചേനെ'

'എന്താ അവിടെ ഒരു പിറുപിറുക്കൽ " സുജാത ടീച്ചറിന്റെ ഒച്ച രണ്ടുപേരെയും തിരിച്ച് ക്ലാസ് മുറിയിൽ എത്തിച്ചു.

'ഹേമാംബികേ ഇവിടന്ന് പാസായിട്ട് പോയാ കുട്ടി എൻട്രൻസ് എഴുതണം ട്ടോ. മെഡിസിന് ചേരണം.. '

ഡോക്ടർമാർക്ക് നല്ല ഗമയാ . പക്ഷേ ഡോക്ടർക്ക് പഠിക്കണമെങ്കിൽ നല്ല കാശ് വേണം. മെറിറ്റില് കിട്ടിയാലു രക്ഷപ്പെട്ടു. ഫീസ് അടക്കണ്ടേ . അവൾ ആലോചിച്ചു . അച്ഛനെക്കൊണ്ട് പറ്റില്ല ബസ്സിലെ കണ്ടക്ടർ പണീല് കിട്ടണ ഇത്തിരി കാശുകൊണ്ട് എങ്ങനെയാ ഇത്രയും വലിയ സ്വപ്നം കാണണെ. ആകെയുള്ള 10 സെന്റിന് അവകാശികൾ അഞ്ച് . അത് വെച്ച് ലോൺ എടുക്കാൻ വരെ പറ്റില്ല.

' എന്താ കുട്ടി ഒന്നും പറയാത്തെ?'

'എനിക്കറിയില്ല ടീച്ചറെ ഇത് കഴിഞ്ഞിട്ട് അച്ഛൻ സമ്മതിച്ചാ പ്രീഡിഗ്രിക്ക് പോണംന്നാ'

ടീച്ചർ അവളെ വിഷമത്തോടെ നോക്കി. ക്ലാസ്സ് കഴിഞ്ഞ് പോകാൻ നേരത്ത് പ്യൂൺ രാജപ്പേട്ടൻ വന്ന് പറഞ്ഞു.

സ്റ്റാഫ് റൂമിലേയ്ക്ക് ചെല്ലാൻ സുജാത ടീച്ചർ വിളിക്കുന്നെന്ന്.

അവൾ സന്ധ്യയെ നോക്കി . ഇരുവരും ഒരുമിച്ചാണ് വീട്ടിലേക്ക് പോകാറ്.

'നീ പോയിട്ട് വാ ഞാൻ ഇവിടിരിക്ക്യാം. '

സ്കൂൾ മുറ്റത്തെ സ്റ്റേജിന്റെ പടിയിൽ കയറിയിരുന്നു സന്ധ്യ.

'കുട്ടിയുടെ സാഹചര്യമൊക്കെ നന്നായി അറിയാട്ടോ എന്നാലും നന്നായി പഠിക്കണ കുട്ടിയല്ലേ. എൻട്രൻസിന് ശ്രമിക്കൂ. സയൻസിനൊക്കെ ഫുൾ മാർക്ക് ഉള്ളതല്ലേ. '

സുജാത ടീച്ചർ പറഞ്ഞു

'ഇതാപ്പോ നന്നായെ.'

മീനാക്ഷി ടീച്ചറാണ്. 'എന്റോടേണ്ട് തലതിരിഞ്ഞ ഒരുത്തൻ. ഏട്ടൻ എത്രവേണേലും പഠിപ്പിക്കാൻ തയ്യാറാണ്. കഴിയാവുന്നവർക്ക് ബുദ്ധിയും കൊടുക്കില്ല ബുദ്ധിയുള്ളവർക്ക് കാശും കൊടുക്കില്ല. ഈശ്വരന്റെ ഒരു കാര്യം'

'പിന്നെ സുജാതെ, ഈ കുട്ടിയുടെ കാര്യത്തിൽ വെറുതെ ഇടപെടണ്ട ട്ടോ.

ഇതിനെ സബ് ജില്ലാ കലോത്സവത്തിലു കഥാരചനയ്ക്ക് കൊണ്ടോയിട്ട് തിരിച്ചു വരാൻ രാത്രി വൈകി ന്ന് പറഞ്ഞിട്ട് ഹെഡ്മാസ്റ്ററെ വീട്ടില് ചെന്ന് ചീത്ത വിളിച്ചതാ ഇതിന്റെ അച്ഛൻ . പാർവതി ടീച്ചർക്കും കേട്ടു . ടീച്ചറുടെ മോന്റെയും പരിപാടിയുണ്ടായിരുന്നു. കുട്ടികളെ കൊണ്ടുപോയാ ഓരോരുത്തരെയായിട്ട് കൊണ്ടുവരാൻ പറ്റുമോ.? അത് രക്ഷകർത്താക്കളും ഓർക്കണ്ടെ. '

മീനാക്ഷി ടീച്ചർ ബാഗുമെടുത്ത് പുറത്തേക്ക് പോകും വഴി ഹേമാംബികയെ തുറിച്ച് നോക്കി . അവളുടെ കണ്ണുകൾ നിറഞ്ഞു. അവളുടെ തല താഴ്ന്നു.

അവളോർത്തു.

അന്ന് രാത്രി 12 മണി കഴിഞ്ഞിരുന്നു തിരിച്ചെത്തിയപ്പോൾ. അന്ന് ആരൊക്കെയോ ഹെഡ്മാസ്റ്ററോടുള്ള ദേഷ്യം വെച്ച് അച്ഛനെ ചൂട് കേറ്റി വിട്ടതാണ് . സംഭവങ്ങളൊക്കെ ഹേമ പിറ്റേന്നാണ് അറിഞ്ഞത്. ഹെഡ്മാഷേ കാണുമ്പോൾ അച്ഛന് വേണ്ടി മാപ്പ് പറയണം ന്ന് പല കുറി ആലോചിച്ചതാണ്. അടുത്ത് വരുമ്പോഴേക്കും ഉള്ള ധൈര്യമൊക്കെ ചോർന്നു പോകും .

'എന്താ കുട്ടീ, നന്നായി പഠിക്കണം . സ്കൂളിന്റെ അഭിമാനം നിങ്ങളൊക്കെയാ. '

എന്ന് പറഞ്ഞ് മാഷ് കടന്നുപോകുമ്പോൾ നിറഞ്ഞ കണ്ണുകളോടെ നോക്കി നിൽക്കും. പിന്നത്തെ മദ്ധ്യവേനൽ അവധിക്കാലത്ത് സ്കൂൾ തുറക്കുന്നതിന് ഏതാനും ആഴ്ചകൾക്ക് മുമ്പ് ഒരു കടുത്ത ഹൃദയാഘാതം ഹെഡ്മാഷെ കൊണ്ടുപോയി.

'മാഷ്ക്ക് എന്നോട് ദേഷ്യം ഉണ്ടാവില്ല , തീർച്ച'

'എന്താ കുട്ടി പറയണേ പൊക്കോളൂട്ടോ. ഞാൻ പറഞ്ഞു ന്നെയുള്ളൂ. കുട്ടിക്ക് നല്ല ഭാവിയുണ്ട്. നന്നായി പഠിച്ചോളു.എന്തേലും സഹായം വേണം ന്നാച്ചാ എന്റെടുത്തു വരാൻ മടിയ്ക്കേണ്ട.'

'ടീച്ചർ എന്തിനാ വിളിപ്പിച്ചെ? '

വീട്ടിലേക്ക് നടക്കുമ്പോൾ സന്ധ്യ ചോദിച്ചു.

'ഒന്നുമില്ല. എൻട്രൻസിന്റെ കാര്യം ഓർമ്മിപ്പിക്കാൻ.'

'ആദ്യം ഈ പത്തിന്റെ കടമ്പ ഒന്ന് കടന്നു കിട്ടട്ടെ ന്നാ എന്റെ പ്രാർത്ഥന' സന്ധ്യ കിലു

കിലെ ചിരിച്ചു. അവൾ എപ്പോഴും അങ്ങനെയാണ് . എപ്പോഴും ചിരിയാണ്. അവളുടെ അമ്മയും അച്ഛനും അധ്യാപകരാണ്. പേരുകേട്ട തറവാട്ടിലെ കുട്ടിയാണ് . പിന്നെന്താ അവൾക്ക് ചിരിച്ചാൽ എന്നലോചിച്ച് സമാധാനിക്കും ഹേമ.

മകൾക്ക് ഡിസ്റ്റിങ്ഷൻ കിട്ടിയതറിഞ്ഞ് രവീന്ദ്രൻ വലിയ സന്തോഷത്തിലാണ് അന്ന് വന്നത് . കയ്യിലിരുന്ന പരിപ്പുവടയുടെ പൊതി അവൾക്ക് കൈമാറി അയാൾ പറഞ്ഞു. 'എന്തായാലും പ്രീഡിഗ്രിക്ക് പൊക്കോ. കാശുകൊടുത്ത് പഠിപ്പിക്കാനൊന്നും അച്ഛന് വയ്യാട്ടോ . '

അവൾ സന്തോഷിച്ചു എവിടെയെങ്കിലും കിട്ടാണ്ടിരിക്കില്ല. അങ്ങനെയാണ് തൃക്കോട്ടൂരുള്ള ഭാരത മാത കോളേജിൽ പ്രീഡിഗ്രിക്ക് ചേർന്നത്. ബസ്സിറങ്ങി കുറച്ചു ദൂരം നടക്കണം . അങ്ങനെ പോകുമ്പോഴാണ് മുൻസിപ്പൽ ഓഫീസിനടുത്ത കെട്ടിടത്തിൽ ഈ ബോർഡ് കണ്ടത്. അഡ്വക്കേറ്റ് ടോമി ബി എ. എൽ. എൽ. ബി.

ഒരിക്കൽ ടോമി വക്കീലിനെയും അവൾ നേരിട്ട് കണ്ടു . കറുത്ത ഗൗണുമിട്ട്. എന്താ ഗെറ്റപ്പ്. വെളുത്ത കോട്ടിനെ മായ്ച്ചു കളഞ്ഞു കറുത്ത കോട്ട് അവളുടെ സ്വപ്നങ്ങളിൽ ചേക്കേറിയ ഒരു വൈകുന്നേരമാണ് അവൾ രണ്ടും കൽപ്പിച്ച് കൂട്ടുകാരികൾക്കൊപ്പം വക്കീലാപ്പീസിലേക്ക് കയറി ചെന്നത്.

വക്കീലാപ്പീസിലെ ക്ലർക്ക് ഒരു ചെറുപ്പക്കാരൻ ആഗതരെ കണ്ട് അമ്പരന്നുനോക്കി. പിന്നെ ചോദിച്ചു .

'എന്തുവേണം '

ഹേമ ഒന്ന് വിയർത്തു. 'വക്കീലിനെ ഒന്ന് കാണണം '

'എന്താ കാര്യം , എന്താ കേസ് '

'കേസിന്റെ കാര്യത്തിനല്ല. വേറൊരു കാര്യം ചോദിക്കാനാണ് .'

'ഞാൻ ഒന്ന് ചോദിക്കട്ടെ' അയാൾ അകത്തു പോയി അപ്പോൾ തന്നെ തിരിച്ചു വന്നു ചെല്ലാൻ പറഞ്ഞു. കൂട്ടുകാരികളോട് കണ്ണ് കാണിച്ചെങ്കിലും അവർ അവിടെത്തന്നെ തറഞ്ഞു നിന്നതേയുള്ളൂ.

'ഇയാള് ചെല്ലു, വക്കീലിന് തിരക്കുണ്ട്.' ചെറുപ്പക്കാരൻ ധൃതികൂട്ടി. അവൾ ഹാഫ് ഡോർ തുറന്നു അകത്തു കയറി. കഷണ്ടിയാണെങ്കിലും തേജസ്സുള്ള മുഖം. നിറഞ്ഞ ചിരിയോടെ വക്കിൽ ചോദിച്ചു .'കുട്ടി എന്തിനാ വന്നത് ?' എനിക്ക് സാറിനെപോലെ വക്കീലാവണം.'

വക്കീൽ അമ്പരന്നു.

'കുട്ടിയിരിക്കൂ . എന്താ ഇങ്ങനെ തോന്നാൻ?'

'എനിക്ക് വക്കീലാവാൻ പഠിക്കാൻ എന്താ ചെയ്യേണ്ട?'

'കുട്ടി എന്തിനാ പഠിക്കുന്നത് ?'

'പ്രീഡിഗ്രിക്ക്. തൃക്കോട്ടൂര് ഭാരതമാതാ കോളേജില്'

'ഏതാ ഗ്രൂപ്പ് '

'സയൻസ് .'

'സയൻസ് ഗ്രൂപ്പ് എടുത്ത് പഠിക്കുന്ന ആരെങ്കിലും വക്കീലാവാൻ നോക്കോ. കുട്ടി വിചാരിക്കുന്ന പോല്യോന്നും അല്ലാട്ടോ

ഒരു കേസ് കിട്ടാനൊക്കെ എന്താ പാട്? ഇപ്പോൾ തന്നെ നൂറു കണക്കിന് പേരാ കേസില്ലാ വക്കീലന്മാർ ന്നും പറഞ്ഞു നടക്കുന്നത്. കുട്ടി സയൻസ് ഗ്രൂപ്പ് അല്ലേ? അത് പാസായാൽ തന്നെ എവിടെയെങ്കിലും ജോലി കിട്ടും. നല്ല മാർക്ക് ഉണ്ടെങ്കിൽ എൻട്രൻസ് എഴുതാൻ നോക്കൂ. നിരുത്സാഹപ്പെടുത്താൻ പറഞ്ഞതല്ല ട്ടോ . ഏത് പണിയായാലും പെട്ടെന്ന് ഒരു ഇഷ്ടം കൊണ്ട് ചെയ്യരുത്.

ആ ജോലി ആത്മാർത്ഥമായിട്ട് ചെയ്യണം എന്നുവെച്ചാൽ അതിനെ ഹൃദയത്തിലേൽക്കണം. അല്ലാച്ചാ വല്ലോണം രക്ഷപ്പെട്ടാൽ മതിയെന്ന് എപ്പോഴും തോന്നിക്കൊണ്ടിരിക്കും. കുട്ടി എന്തായാലും പോയി നല്ലോണം ആലോചിക്കു'

അയാൾ തുടർന്നു.

'അല്ലെങ്കിലും കുട്ടിയെപ്പോലെ പാവം പിടിച്ചവർക്ക് പറ്റുന്ന പണിയൊന്നുമല്ലാട്ടോ ഇത്. ഇതിന്റെ ഉള്ളിലെ കളികൾ കുട്ടിക്ക് അറിയില്ല . അത് മനസ്സിലാക്കാൻ സമയമെടുക്കും. എന്തായാലും നന്നായി പഠിച്ചിട്ട് പ്രീഡിഗ്രി പാസ്സാകട്ടെ. അതിനുശേഷം ഇതുതന്നെയാ മനസ്സ് പറയണതെങ്കിൽ എന്നെ കാണാൻ വന്നോളു. അതിനു വേണ്ട സഹായങ്ങളും ഞാൻ ചെയ്തു തരാം.'

ഹേമാംബിക പതിയെ പുറത്തുകടന്നു. കൂട്ടുകാരികൾ ആകാംക്ഷയോടെ നോക്കി .

'എന്തായി '

'ഒന്നുമായില്ല പരീക്ഷ കഴിയട്ടെ.' കടന്നുപോകുമ്പോൾ ചെറുപ്പക്കാരൻ സൗഹൃദ ഭാവത്തിൽ ചിരിച്ചത് അവൾ കണ്ടില്ലെന്ന് നടിച്ചു.

പ്രീഡിഗ്രി കഴിഞ്ഞപ്പോഴേക്കും വക്കീൽ പണി അവൾ മറന്നു കളഞ്ഞിരുന്നു. പിന്നെ മൂന്നുവർഷം നിർമ്മലയിൽ ഗണിതശാസ്ത്രത്തിനായി നീക്കിവെച്ചു . ഡിഗ്രി പരീക്ഷാഫലം വന്നപ്പോൾ അച്ഛൻ പറഞ്ഞു 'രാമചന്ദ്രൻ ഒരു കമ്പനിയിൽ ഒഴിവുണ്ടെന്ന് പറഞ്ഞു . ബസ്സിനു പോയി വരാവുന്ന ദൂരമേയുള്ളൂ. ജോലി കിട്ടിയാൽ അച്ഛനൊരു സമാധാനമായല്ലോ. രണ്ടാളുടെയും പഠിത്തക്കാര്യം നോക്കാൻ എനിക്ക് കിട്ടുന്നത് പോരാ. മാത്രല്ല , എനിക്ക് വയ്യായ്ക കൂടി വരാ. എത്ര കാലം ഉണ്ടാവും ന്ന് പറയാ

നും വയ്യ .'

ഹേമ ഒന്നും മിണ്ടിയില്ല.

'അച്ഛൻ പറയണ പോലെ ചെയ്യാം എനിക്ക് കുഴപ്പമില്ല . രാമമാമനോട് പറഞ്ഞോളൂ'.

അവളോർക്കുന്നു.

പ്രീഡിഗ്രി കഴിഞ്ഞ സമയത്താണ് . 65 ശതമാനം മാർക്കേയുള്ളൂ. മെറിറ്റില് ഡിഗ്രിക്ക് എവിടെയും കിട്ടിയില്ല. അവസാനം നിർമ്മലയിൽ കിട്ടി . അവിടെ ചേർന്ന് ഒരു മാസം കഴിഞ്ഞപ്പോഴാണ് സെന്റ് മേരിസിൽ കണക്കിന് സീറ്റ് ഒഴിവുണ്ടെന്ന് അറിയിപ്പ് കിട്ടിയത്. നേരത്തെ അപേക്ഷിച്ചിരുന്നതാണ്. അച്ഛനെയും കൂട്ടി പുറപ്പെട്ടു. അവിടെ ചെന്നപ്പോഴാണ് മാനേജ്മെൻറ് സീറ്റിലാണ് ഒഴിവ്.

പതിനായിരം രൂപ കെട്ടണം. അവളെക്കാൾ മാർക്ക് കുറവുള്ള രണ്ടു കുട്ടികൾ കൂടി വന്നിട്ടുണ്ടായിരുന്നു . രണ്ട് ഒഴിവേയുള്ളൂ . ചാർജ്ജുള്ള സിസ്റ്റർ രവീന്ദ്രനെ വിളിച്ച് വിവരം പറഞ്ഞു.

' മോളോട് ഒന്ന് ചോദിക്കട്ടെ '

അച്ഛന്റെ വാടിയ മുഖം കണ്ടപ്പോഴേ മനസ്സിലായി. 'പോവാച്ഛാ ' അവൾ പറഞ്ഞു .

'രണ്ട് ദിവസം അവധി തരാമോ സിസ്റ്റർ. ഞാൻ ആരോടെങ്കിലും ഒന്ന് ചോദിച്ചിട്ട് ...'

'അവധി തരാൻ പറ്റില്ല. അവരു റെഡിയാണ്. ഈ കുട്ടി ഇന്ന് പണമടച്ചാൽ കുട്ടിക്ക് അഡ്മിഷൻ കിട്ടും . അല്ലാന്നു വെച്ചാൽ അവർക്കാകും.'

രവീന്ദ്രൻ ദയനീയമായി ഹേമയെ നോക്കി. അവൾക്ക് അച്ഛനോട് ഒത്തിരി സങ്കടം തോന്നി. 'നമുക്ക് പോകാം അച്ഛാ.'

അവൾ അയാളുടെ കൈപിടിച്ചു.

സ്റ്റാച്യുവിന്റെ അടുത്തുനിന്നും വീട്ടിലേക്കുള്ള ബസ്സിൽ കയറ്റി ഇരുത്തുമ്പോൾ അച്ഛന്റെ മുഖത്തെ ആധി കണ്ട് ഹേമ ചിരിച്ചു.

' ഞാൻ നേരെ ക്ലാസിലേക്കാ. ഉച്ചയ്ക്ക് ശേഷം ക്ലാസ്സ് കളയണ്ടല്ലോ .'

'എന്നാ എന്തെങ്കിലും കഴിച്ചിട്ട് പോകാം മോളെ. '

'ഒന്നും വേണ്ടച്ഛാ . അമ്മ ചോറ് പൊതിഞ്ഞു തന്നിട്ടുണ്ട് . അമ്മയ്ക്കറിയാം ഇതൊന്നും നടക്കാൻ പോകുന്നില്ലാന്ന്. എനിക്ക് നിർമ്മലേൽ തന്നെ പഠിച്ചാ മതി .

അവിടെയാവുമ്പോ ഇത്ര ദൂരമില്ലല്ലോ . ഇത്രയ്ക്ക് യാത്രയും വേണ്ട. അച്ഛൻ സമാധാനമായിട്ട് പൊയ്ക്കോളൂ . ഞാൻ തനിയെ പൊയ്ക്കോളാം.' ബസ് നീങ്ങുമ്പോൾ അവൾ കണ്ടു . അച്ഛൻ മുണ്ടിന്റെ തലപ്പുകൊണ്ട് മുഖം തുടയ്ക്കുന്നു. കരയുകയാവുമോ. അവൾ സന്ദേഹിച്ചു. ആ അച്ഛനെ ഇനിയുംകഷ്ടപ്പെടുത്താൻ വയ്യ. അവൾ ജോലിക്ക് പോകാൻ തീർച്ചപ്പെടുത്തി.

അക്കൗണ്ടൻറ് ആയാണ്

ഹേമയ്ക്ക് ജോലി കിട്ടിയത് . പണി പഠിക്കാൻ കഷ്ടപ്പെട്ടു. ഫസ്റ്റ് ഗ്രൂപ്പ് ആണെന്ന് പറഞ്ഞിട്ട് കാര്യമില്ല. അക്കൗണ്ടൻസി അവൾക്കറിയില്ലല്ലോ. എങ്കിലും ഓഫീസിൽ ഉള്ള സരിത ചേച്ചിയും ചന്ദ്രികാമ്മയും അവളെ വളരെ സഹായിച്ചു . ജോലി കിട്ടി ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോഴാണ് മോഹൻ പെണ്ണുകാണാൻ വന്നത്.

എന്നെ ഓർമ്മയുണ്ടോ? അയാൾ ചോദിച്ചപ്പോൾ അവൾ അമ്പരപ്പോടെ മുഖമുയർത്തി നോക്കി ഇല്ലെന്ന് തലയാട്ടി.

'അപ്പൊ , ആരെയും ശ്രദ്ധിക്കാറില്ല . അല്ലേ.' അയാൾ ചിരിയോടെ പറഞ്ഞു . ഞാൻ മോഹൻ. ടോമി വക്കീലിനെ കാണാൻ വന്നതോർക്കുന്നോ. അന്ന് ഞാനായിരുന്നു അവിടെ ഉണ്ടായിരുന്നത്. ' ഹേമ ചിരിച്ചു പോയി. മോഹനും. ആ ചിരിയിലൂടെ അവരുടെ ദാമ്പത്യം പൂവിട്ടു . ഒപ്പം ടോമി വക്കീൽ ടോമിച്ചൻ ആയി മാറുകയും ചെയ്തു. കല്യാണത്തിന് കണ്ടപ്പോൾ ടോമി ചോദിച്ചു.

'എന്തേ ഹേമെ, വക്കീലാവാൻ പഠിക്കുന്നില്ലെ.'

'അയ്യോ , വേണ്ടേ. കള്ളത്തരം കാണിക്കാനൊന്നും എനിക്ക് വയ്യേ.'

'അപ്പോ. മോഹനോ. ?'

'മോഹനേട്ടൻ വക്കീലല്ലല്ലോ.'

'അത് നിനക്കറിയാഞ്ഞിട്ടാണ്. വക്കീലിനേക്കാൾ കള്ളത്തരം ഗുമസ്തന്മാർക്കാ. അവരല്ലേ ഏജൻറ്. ' ടോമിച്ചൻ ഉറക്കെച്ചിരിച്ചു. ഹേമ മോഹനെ തുറിച്ച് നോക്കി . മോഹൻ ചിരി നിർത്തി .

'ഞാൻ പാവം. എനിക്ക് അറിയില്ലാട്ടോ. വക്കീല് പറയുന്ന പോലെ ഞാൻ കേൾക്കുന്നു . അത്രയേ ഉള്ളൂ . '

മോഹൻ നിസ്സഹായത വെളിപ്പെടുത്തി.

വർഷങ്ങൾക്കിപ്പുറം ടോമിച്ചൻ വക്കീൽപണിയ്ക്കൊപ്പം പുതിയ പുതിയ ബിസിനസുകൾ തുടങ്ങി. എല്ലാത്തിലും മോഹനേയും കൂട്ടി. അതിനിടയിൽ അദ്ദേഹത്തിന് ഒരു അപകടം പറ്റി. അതിൽ നിന്നും റിക്കവർ ചെയ്തെങ്കിലും വീണ്ടും തുടരെ ഓപ്പറേഷനുകളും വിശ്രമവും ഒക്കെയായിരിക്കുന്നു.

'ഹേമേ എന്താ ആലോചിക്കുന്നത് .നിന്റെ പുസ്തകം എന്തായി?'

'പുസ്തകോ ? 'അവൾ ചിന്തയിൽ നിന്നും ഞെട്ടിയുണർന്നു. .

'മോഹൻ പറഞ്ഞു നീ കുറേ കവിതകളൊക്കെ എഴുതിയിട്ടുണ്ട് ന്ന് . നമുക്ക് അതങ്ങ് പ്ര

കാശിപ്പിക്കാം. നല്ല കവിതകളാണ്. ‘

‘അതിന് ടോമിച്ചൻ എങ്ങനെയാ വായിച്ചേ?‘

‘അവൻ എനിക്കയച്ചു തരും . ഞാൻ മറുപടി ഇടാറുണ്ടല്ലോ.‘

‘ഓ അപ്പൊ ആ മറുപടികളാണോ എനിക്ക് അയച്ചു കൊണ്ടിരിക്കുന്നത് .?‘

ഹേമ മോഹനെ നോക്കി അയാളാകട്ടെ ഒന്നും കേൾക്കാത്ത മട്ടിൽ

പത്രത്തിലേക്ക് മുഖം താഴ്ത്തി.

‘ഇതിലിപ്പോ ബ്രാഹ്മണിക്കൽ ഹെജിമണി മാത്രമേ ഉള്ളൂ ല്ലോ.‘

‘എല്ലായിടത്തും ഇപ്പോ ഹെജിമണിയാ. എന്തെങ്കിലും കിട്ടാൻ കാത്തിരിക്ക്യാ മാധ്യമങ്ങൾ . അത് തന്നെ പിടിച്ചിരിക്കാൻ . ‘

ടോമി പറഞ്ഞു.

‘ഗ്രേസി ചേച്ചി കേൾക്കണം. മോള് ഹോസ്റ്റലിൽ നിന്ന് വന്നിട്ട് രാവിലെ ബ്രേക്ക്ഫാസ്റ്റ് കഴിക്കാൻ വിളിച്ചപ്പോൾ ദോശയാ. മസാലക്കറിയും സാമ്പാറും കണ്ട ഉടനെ ഒരു ചോദ്യം. ഇതെന്താ ബ്രാഹ്മണിക്കൽ ഹെജിമണീന്ന്. ‘

‘ഞാൻ പറഞ്ഞു വൈകിട്ട് ടോമിച്ചന്റെ വീട്ടിലേക്ക് വിളിച്ചിട്ടുണ്ട് . അവിടെ ഗ്രേസിയാന്റിടെ നോൺവെജ് ഹെജിമണിയാകും ന്ന്.

‘എന്നിട്ട് അവളെവിടെയാ? എന്താ കൊണ്ട് വരാഞ്ഞേ?‘

ഗ്രേസി കെറുവിച്ചു.

‘അവളുടെ കൂട്ടുകാരി വന്നിട്ടുണ്ട് . പ്രാക്ടീസ് ചെയ്യാൻ . നാളെ വൈകിട്ടാണല്ലോ അവളുടെ പരിപാടി. ‘

‘എന്തായാലും കഷ്ടായി. പോയി വരണം ന്നു വച്ചതാണ് ഞാൻ. അപ്പോഴല്ലേ വീണ്ടും ഒരു ഓപ്പറേഷൻ. ‘

‘ സാരമില്ല ടോമിച്ചാ. പരിപാടി പിന്നെ ആയാലും കാണാല്ലോ ‘മോഹൻ പറഞ്ഞു

‘ഹേമേ കവിതകൾ ഏതെങ്കിലും മാസികകളിലേയ്ക്ക് അയയ്ക്കാമായിരുന്നു. ‘

‘അതിപ്പോ ആകെ പോയട്രിക് ഹെജിമണിയാ.‘

ഹേമ ചിരിച്ചു

‘അതെന്താ ‘

ടോമി ആകാംക്ഷയോടെ തിരക്കി.

പത്രാധിപന്മാര് നമ്മൾ അയച്ചുകൊടുക്കുന്നത് വായിച്ചു നോക്കണും കൂടിണ്ടാവില്ല . സ്റ്റാമ്പ് ഒട്ടിച്ച കവർ അയച്ചുകൊടുത്താലും തിരിച്ചയച്ചു തരില്ല. പ്രസിദ്ധീകരിക്കുകയുമില്ല.‘

‘ പേരെടുത്ത ആൾക്കാരുടെ മാത്രേ മാസികയിൽ വരുന്നുള്ളൂ. നമ്മള് എഴുതുന്നതൊന്നും കവിതയല്ലപ്പാ .‘

‘കുറച്ചുദിവസം മുമ്പ് ഒരു രസംണ്ടായി. ഫേസ്ബുക്കിലു നൂറു കവികളുടെ കവിതകൾ സമാഹരിച്ചു പുസ്തകമിറക്കുന്നതായി ഒരു പരസ്യം കണ്ടു . വളരെ പ്രശസ്തരായ കുറെ കവികൾ അതുമായി സഹകരിക്കുന്നുണ്ട്. കവിത അയക്കേണ്ട തീയതി നീട്ടി എന്ന് പറഞ്ഞു കവിത അയക്കുന്നതിന് ഒരു വാട്സാപ്പ് നമ്പർ കൊടുത്തിരുന്നു. .അത് കണ്ടപ്പോൾ ഒന്നയച്ചാലോ ന്ന് തോന്നി ഞാനാ വാട്സപ്പ് നമ്പറിലേക്ക് ഒരു മെസ്സേജ് അയച്ചു. ഉടൻ മറുപടി മെസ്സേജ് .വേറൊരു നമ്പറും . ആയിരം രൂപ അതിലേയ്ക്ക് ഗൂഗിൾ പേ ചെയ്ത ശേഷം അതിൻറെ ഫോട്ടോ ഈ നമ്പറിലേക്ക് അയക്കുക. പിന്നെ കവിതയും ബയോഡാറ്റയും അയക്കണം . ഒരാൾക്ക് ഒരു പേജ് ഉണ്ടത്രെ. ഞാൻ ഒന്നും പറഞ്ഞില്ല.‘

‘ഇത്തിരി കഴിഞ്ഞപ്പോൾ വീണ്ടും മെസ്സേജ് വന്നു. പൈസ അയക്കൂ കവിത അയക്കണില്ലെന്ന് .ഞാനന്നേരത്ത് അജിത്ത് മാഷെ വിളിച്ചു വിവരം പറഞ്ഞ് പുള്ളി പണ്ട് ഇതുപോലെ കാശയച്ചിട്ട് കാശും പോയി മാനവും പോയ കഥ പറഞ്ഞു ഉപദേശം കേട്ട് ഇരിക്ക്യായിരുന്നു. എല്ലാവരുടെയും കയ്യിന്ന് പൈസ മേടിക്കണ് ണ്ടോന്ന് ഞാൻ അവർക്ക് മെസ്സേജയച്ചു.

അപ്പൊ പറയാ വലിയ വലിയ കവികൾ പരസ്യത്തിന്റെ ഭാഗമാണ്. അവർക്ക് ഫ്രീയാണെന്ന്.

അപ്പം ഞാൻ പറഞ്ഞു പൈസയില്ല മാഷേ. ഇങ്ങനെ കണ്ടപ്പോൾ ഫ്രീയാണെന്ന് വിചാരിച്ചു. ഇത്രയും കാശ് തന്ന് ഒരു കവിത പ്രസിദ്ധീകരിക്കാനുള്ള സാമ്പത്തിക ചുറ്റുപാടില്ലാന്ന്.‘

ടോമിച്ചൻ ച്ചിരിച്ചു.

‘അതുശരിയാ. എഴുത്തിന്റെ മേഖലയിലും ഹെജിമണി തന്നെ. ഭയങ്കര മാർക്കറ്റിംഗ് പറഞ്ഞു വരും ഓരോരുത്തര്.

സാധാരണക്കാർക്ക് കവിത പ്രസിദ്ധീകരിക്കണമെങ്കിൽ കാശ് വേണം. നീ പറഞ്ഞത് അസ്സലായി

ആ കൈ ഇങ്ങട് തന്നെ.‘

ടോമിച്ചൻ അവൾക്ക് ഷെയ്ക്ക് ഹാൻഡ് കൊടുക്കാനായി കയ്യെടുത്ത് പൊക്കിയതും വേദന കൊണ്ട് പുളഞ്ഞു.

വലതു കൈയിലെ പ്ലാസ്റ്ററിലേയ്ക്കു നോക്കി. ‘നിനക്കൊന്ന് കൈ തരാമെന്ന് വെച്ചാൽ അതുപോലും പറ്റാണ്ടായി.‘

കയ്യിലിരിപ്പ് ശരിയല്ലാത്തോർക്ക് ദൈവം കൊടുക്കണ ശിക്ഷയാണെന്ന് ഗ്രേസി ചേച്ചി അടക്കം പറഞ്ഞത് അയാൾ കേട്ടില്ല .

●

---

*(ഹെജിമണി – ആധിപത്യം)*

ലേഖനം

# ഓർമ്മച്ചെപ്പിലെ കണിക്കൊന്നകൾ



ലാവണ്യ മുല്ലശ്ശേരി



**വേ**നൽത്തുമ്പികൾ പാറിനടക്കുന്ന കത്തുന്ന വെയിലിലും പ്രകൃതി സ്വർണ്ണമണിഞ്ഞതുപോലെ കൊന്നപ്പൂക്കളാൽ വിരിഞ്ഞുനിൽക്കുന്ന കാഴ്ച ഹൃദയഹാരിയാണ്. മനം നിറയെ ഒരു കുടന്ന കൊന്നപ്പൂക്കളും ആ പൂക്കാലത്തിന്റെ മനോഹാരിതയും ആസ്വദിച്ചു നിൽക്കുമ്പോൾ, ബാല്യത്തിലെ സുന്ദരമായ വിഷുസ്മരണകൾ മനസ്സിന്റെ ഉമ്മറത്തേക്ക് ഓടിയെത്തുന്നു. എന്റെ കുട്ടിക്കാലം എനിക്ക് നൽകിയിട്ടുള്ളത് കുന്നോളം സുന്ദരമായ സ്മൃതികളാണ്.

## കണികണ്ടുണരുന്ന പൊൻപുലരികൾ

വിഷുവിന് കണിയൊരുക്കുന്നത് അന്നും ഇന്നും എനിക്ക് ഒരേപോലെ പ്രിയപ്പെട്ട കാര്യമാണ്. ധാന്യങ്ങളും പഴങ്ങളും പൊന്നും പണവും വാൽകണ്ണാടിയും കോടിമുണ്ടും നിലവിളക്കും ഗ്രന്ഥവുമെല്ലാം ചേർത്തുവെച്ച്, അതിനു നടുവിൽ സർവ്വ ഐശ്വര്യങ്ങളുമായി പുഞ്ചിരിക്കുന്ന ഉണ്ണിക്കണ്ണനെ കൂടി പ്രതിഷ്ഠിച്ചാൽ വിഷുക്കണി തയ്യാറായി.

കണിക്കൊന്നപ്പൂക്കൾ തേടിപ്പിടിച്ചു കൊണ്ടുവരിക എന്നതായിരുന്നു കുട്ടികളായ ഞങ്ങളുടെ പ്രധാന ദൗത്യം. പണ്ട് വീട്ടുമുറ്റത്തോ അയൽവക്കത്തെ പറമ്പുകളിലോ സുലഭമായി പൂത്തുലഞ്ഞു നിന്നിരുന്ന കൊന്നപ്പൂക്കൾ ഇന്ന് വിപണിയിൽ പോയി പണം കൊടുത്തു വാങ്ങേണ്ട അവസ്ഥയിലായിരിക്കുന്നു എന്നത് ഒരു നോവായി അവശേഷിക്കുന്നു.

അന്ന് മരമൊന്നു കുലുങ്ങിയാൽ ഉതിർന്നു വീഴുന്ന ആ പൂവിതളുകൾ ഒട്ടും പൊഴിയാതെ തണ്ടോടു കൂടി പൊട്ടിച്ചെടുക്കുക എന്നത് അത്ര നിസ്സാരമായിരുന്നില്ല. മരത്തിൽ കയറാൻ മിടുക്കുള്ളവൻ അന്ന് അഹങ്കാരത്തോടെ മുകളിൽ കയറി പൂക്കൾ പറിക്കും; താഴെ വിനയപൂർവ്വം ഞങ്ങൾ കാവൽ നിൽക്കും. കേടുപാടുകളില്ലാതെ ആ പൂങ്കുലകൾ വീട്ടിലെത്തിച്ചാൽ പിന്നെ കണിയൊരുക്കുന്ന ചുമതല അമ്മയുടേതാണ്.

പുലർച്ചെ അച്ഛൻ വന്ന് വിളിക്കുമ്പോൾ പാതിയുറക്കത്തിൽ കണ്ണു ചിമ്മി തുറക്കാൻ നോക്കും. അപ്പോൾ അച്ഛൻ കൈകൾ കൊണ്ട് എന്റെ കണ്ണ് പൊത്തിപ്പിടിക്കും. 'കണ്ണ് തുറക്കല്ലേ...' എന്ന സ്നേഹപൂർവ്വമുള്ള താക്കീതോടെ അച്ഛന്റെ കൈക്കുള്ളിലെ ഇരുട്ടിലൂടെ നടന്ന് പൂമുഖത്തെത്തുമ്പോൾ, ആ കൈകൾ മെല്ലെ മാറും. കത്തുന്ന തിരിനാളത്തിന് മുന്നിൽ സ്വർണ്ണവർണ്ണത്തിൽ തിളങ്ങുന്ന ഉണ്ണിക്കണ്ണനെയും കൊന്നപ്പൂക്കളെയുംവിളക്കിന്റെ സ്വർണ പ്രകാശത്തിൽ ആദ്യം കാണുന്ന ആ നിമിഷം... അതൊരു വലിയ അനുഭൂതിയാണ്.

## സ്മൃതികളിലെ ആ പഴയ അടുക്കള

കണി കാണുന്നതോടെ ഒരുങ്ങുന്ന പുലരികൾക്ക് പിന്നിൽ തലേന്നത്തെ വലിയൊരു അധ്വാനത്തിന്റെ കഥ കൂടിയുണ്ട്. വിഷുസംക്രാന്തിയ്ക്ക് വീടിന്റെ ഓരോ മൂലയും വൃത്തിയാക്കുന്ന തിരക്കിനിടയിൽ അടുക്കളയിലെ അലമാരകൾ തുടയ്ക്കുന്ന പണി എനിക്കാണ്. അന്ന് വി

റകടുപ്പായതുകൊണ്ട് കരിയും പൊടിയും പാത്രങ്ങളിലും ചുമരുകളിലുമെല്ലാം പെട്ടെന്ന് പിടിക്കുമായിരുന്നു. അവ വൃത്തിയാക്കുന്ന പകുതി പണി കഴിയുമ്പോഴേക്കും മേലു മുഴുവൻ കരിയും പൊടിയുമായി ഞാനൊരു 'കരിക്കുട്ടിയെപ്പോലെ' ആയി മാറാറുണ്ട്.

എത്ര പ്രയാസമുള്ള സമയമായാലും വിഷുവിന് പടക്കം വാങ്ങാതിരിക്കാറില്ല. അപ്പുറത്തെ വീട്ടിൽ ഒരു പടക്കം പൊട്ടിയാൽ ഇവിടെ രണ്ടെണ്ണം പൊട്ടിയിരിക്കണം എന്നതായിരുന്നു ഞങ്ങളുടെ കണക്ക്. മത്താപ്പ് കത്തിക്കുമ്പോഴായാലും അത് കാണാൻ അമ്മ അടുത്തുതന്നെ വേണമെന്ന് എനിക്ക് നിർബന്ധമായിരുന്നു. 'എന്റെ മോൾ മാലപ്പടക്കമൊക്കെയാണ് ഒറ്റയ്ക്ക് പൊട്ടിക്കുന്നത്' എന്നോർത്ത് ആത്മനിർവൃതി അടയുന്ന അമ്മയെ അന്ന് മനസ്സു നിറഞ്ഞ സന്തോഷത്തോടെ ഞാൻ നോക്കി നിൽക്കും.

## ഓർമ്മകളിലെ കൈനീട്ടവും നാടൻ വിഷുക്കട്ടയും

കാലത്ത് എഴുന്നേറ്റ് കുളി കഴിഞ്ഞാൽ പിന്നെ കൈനീട്ടം വാങ്ങാനാണ് തിരക്ക്. ചില്ലറത്തുട്ടുകൾ മാറ്റി നോട്ട് കൈക്കലാക്കുക എന്നതാണ് ലക്ഷ്യം. അതുകഴിഞ്ഞാൽ ഭക്ഷണത്തിന്റെ ഊഴമാണ്. ഞങ്ങളുടെ നാട്ടിലെ വിഷു സ്പെഷ്യൽ എന്നത് വിഷുക്കട്ടയും ഒപ്പം പരിപ്പും വെള്ളരിക്കയും തേങ്ങാപ്പാല് ചേർത്ത കറിയുമാണ്.

പലയിടങ്ങളിലും വിഷുക്കട്ടയുടെ മുകളിൽ ശർക്കരപ്പാനി ഒഴിച്ചു കഴിക്കുന്നത് കേട്ടിട്ടുണ്ട്. വീട്ടിൽ അച്ഛമ്മ വാഴയിലയിൽ ചൂടുള്ള വിഷുക്കട്ടയും അതിനൊപ്പം വെള്ളരിക്കാക്കറിയും വിളമ്പിത്തരുന്നത് ഓർക്കുമ്പോൾ ഇപ്പോഴും നാവിൽ കൊതിയൂറുന്നുണ്ട്. 'വിഷുക്കട്ട കഴിച്ചാലേ വിഷു പൂർണ്ണമാകൂ' എന്ന അച്ഛമ്മയുടെ വാക്കുകൾ കേട്ട് അന്ന് കഷ്ടപ്പെട്ട് കഴിച്ചിരുന്ന ആ വിഭവം ഇന്നിപ്പോൾ എനിക്ക് ഏറെ പ്രിയപ്പെട്ടതാണ്.

## മധുരമുള്ള ഓർമ്മകൾ

വിഭവസമൃദ്ധമായ സദ്യ കഴിഞ്ഞാൽ വിഷു ആഘോഷം ഏകദേശം വിരാമമാവും. പിറ്റേന്ന് രാവിലെ മുറ്റത്ത് ചിതറിക്കിടക്കുന്ന പടക്കത്തിന്റെ കടലാസുകളും ചാരവും കാണുമ്പോൾ മനസ്സിന് വലിയൊരു വിഷമമാണ്. എല്ലാം കഴിഞ്ഞല്ലോ, ഇനി അടുത്ത വർഷം വരെ കാത്തിരിക്കണമല്ലോ എന്ന സങ്കടം ഉള്ളിൽ നിറയും.

?കാലം എന്റെ കൈകളിൽ ഇന്ന് വീടിന്റെ ഉത്തരവാദിത്തങ്ങളും അടുക്കളയിലെ തിരക്കുകളും വെച്ചുതന്നു. പൂത്തിരി കത്തിക്കാൻ പുലർച്ചെ ഉണർന്നിരുന്ന ഞാനിന്ന് പ്രിയപ്പെട്ടവർക്കായി സദ്യയൊരുക്കാൻ നേരത്തെ ഉണരുന്നു. എങ്കിലും, ഓരോ വിഷുക്കാലവും വന്നെത്തുമ്പോൾ മനസ്സ് അറിയാതെ ആ പഴയ ഇടവഴികളിലേക്ക് ഓടിപ്പോകുന്നു. കൊന്നപ്പൂക്കളുടെ മഞ്ഞയും, അമ്മയുടെ സ്നേഹം നിറഞ്ഞ വിളികളും, അച്ഛൻ തന്ന നാണയത്തുട്ടുകളുടെ കിലുക്കവും ഇന്നും മാറാത്ത ഗന്ധമായി, ശബ്ദമായി എന്നിലുണ്ട്. എത്രയേറെ വിഷുക്കൾ വന്നാലും ആ പഴയ ബാല്യത്തിന്റെ തിളക്കം മറ്റൊന്നിനുമുണ്ടാകില്ല.

## മനസ്സിലുണ്ടാകട്ടെ ഒരു കുടന്ന കണിക്കൊന്ന...

കാലം മാറുന്നതിനനുസരിച്ച് വിഷുവും അതിന്റെ കാഴ്ചകളും മാറിക്കൊണ്ടിരിക്കുകയാണ്. പറമ്പിലെ കൊന്നപ്പൂക്കൾ ഇന്ന് വിപണിയിലെ പ്ലാസ്റ്റിക് കവറുകളിലേക്ക് ചുരുങ്ങിയിരിക്കാം; സ്നേഹബന്ധങ്ങൾ വെറും വാട്സാപ്പ് സന്ദേശങ്ങളിലേക്ക് വഴിമാറിയിട്ടുണ്ടാകാം. എങ്കിലും, തിരക്കുകൾക്കിടയിൽ നാം മറന്നുപോകുന്ന ആ പഴയ ഗ്രാമീണ വിശുദ്ധിയെയും ഒത്തൊരുമയെയും വീണ്ടെടുക്കാൻ ഈ വിഷുക്കാലം നമുക്ക് പ്രചോദനമാകട്ടെ.

?കൈനീട്ടമായി ലഭിക്കുന്ന നാണയത്തുട്ടുകളേക്കാൾ മൂല്യം മറ്റുള്ളവർക്ക് നൽകുന്ന സ്നേഹത്തിനും കരുതലിനുമാണെന്ന് വരുംതലമുറയ്ക്ക് നാം പകർന്നുനൽകണം. യന്ത്രവൽകൃതമായ ഈ ലോകത്ത് നമ്മുടെ മനസ്സിന്റെ ഒരു കോണിലെങ്കിലും ആ പഴയ കൊന്നമരത്തിന്റെ തണലും, നിഷ്കളങ്കമായ ആ ബാല്യകാല സ്മരണകളും കാത്തുസൂക്ഷിക്കാം.

വിപണിയിൽ നിന്ന് വാങ്ങുന്നതിനേക്കാൾ, നമ്മുടെ വീട്ടുപടിക്കൽ ഒരു കൊന്നമരമെങ്കിലും നട്ടുപിടിപ്പിക്കാൻ ശ്രമിക്കുന്നത് വരുംകാലത്തിന് നാം നൽകുന്ന ഏറ്റവും വലിയ 'വിഷുക്കൈനീട്ടം' ആയിരിക്കും.

മനസ്സിലെ ആ പഴയ കൊന്നമരച്ചുവട്ടിൽ, ഓർമ്മകളുടെ കണിയൊരുക്കി വെച്ചുകൊണ്ട് വീണ്ടുമൊരു വിഷുക്കാലം കൂടി... നന്മയുടെയും ഐശ്വര്യത്തിന്റെയും ഈ പൊൻപുലരിയിൽ എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ വിഷു ആശംസകൾ.

*"ഏത് ധൂസര സങ്കല്പങ്ങളിൽ വളർന്നാലും*
*ഏത് യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും*
*മനസ്സിലുണ്ടാകട്ടെ ഗ്രാമത്തിൻ വെളിച്ചവും*
*മണവും മമതയും ഇത്തിരിക്കൊന്നപ്പൂവും'*

# അനർഹമായ അംഗീകാരം



ബഷീർ മുളിവയൽ

പക്ഷികൾ
അച്ചടക്കത്തോടെ
ചിറകുകൾ അടക്കിവച്ചിരുന്നുവെങ്കിൽ
ആകാശം അവർക്കു
അന്യമായേനെ.

പാറകളിൽ നിന്ന്
അച്ചടക്കം ലംഘിച്ച്
ഉറവകൾ ഒഴുകിയില്ലായിരുന്നെങ്കിൽ
വെള്ളിക്കൊലുസുമിട്ട്
നാട് തെണ്ടുന്ന
നദികൾ പിറക്കില്ലായിരുന്നു.

അച്ചടക്കമില്ലാതെ
ശിഖരങ്ങൾ നീട്ടിയ
മരങ്ങളല്ലേ
നമുക്ക് കുളിരാകുന്ന
തണലുകൾ നൽകിയത്?
അച്ചടക്കമില്ലാത്ത
മേഘങ്ങളുടെ
പൊട്ടിത്തെറികളല്ലേ
മണ്ണിൽ
മഴയായി പെയ്തത്?


ഒരിക്കൽ
അച്ചടക്കം വെടിഞ്ഞ്
ഭൂമിയെ നോക്കിച്ചിരിച്ച
നക്ഷത്രങ്ങളാണ്
ഇന്നത്തെ രാവിന്റെ
അലങ്കാരം.

അച്ചടക്കമില്ലാത്ത
സ്വപ്നങ്ങളാണ്
ലോകത്തെ
ഇത്ര മനോഹരമാക്കിയത്;
അച്ചടക്കമില്ലാത്ത
ചിന്തകളാണ്
കവിതയായി
പിറക്കുന്നത്.

അടങ്ങിനിൽക്കാനുള്ള
അംഗങ്ങളുടെ മടിയാണ്
മനോഹരമായ
നൃത്തമായി
പുനർജനിക്കുന്നത്.

അച്ചടക്കം
അനർഹമായി
മഹത്വവൽക്കരിക്കപ്പെട്ട
ഒരു വാക്ക്.

അനർഹമായി
അംഗീകരിക്കപ്പെട്ട
മനുഷ്യനെപ്പോലെ,
അതിന്റെ സ്വഭാവം
അതിവിനയവും
വിധേയത്വവും മാത്രം.



# വെളിച്ചം വിതറിയ പെൺകുട്ടി



കയ്യുമ്മു കോട്ടപ്പടി

ഞാനാ കവിത വായിച്ചു തുപ്പിക്കളഞ്ഞു.
എരിവും പുളിയും ധാരാളം ചേർന്നതുകൊണ്ടാണ്
എനിക്ക് ചർദ്ദിക്കാൻ വന്നത്.
കഥകളിൽ ചിലതിനെ ഞാനിഷ്ടപ്പെടും.
ഹിറ്റ്ലറുടെ തലയോടും എന്റെ തലയിൽ കയറും.
രാഷ്ട്രീയക്കവിതയിലെ ചൂരും ചൂടും
നിറംകെട്ട കാലമാണെന്ന് ഞാൻ വിളിച്ചു പറയും!

സമസ്ത സുന്ദര കാലങ്ങളിലേക്ക് ഞാൻ
കവിതയെ രൂപപ്പെടുത്തും.
എന്റെ സ്വപ്നങ്ങൾ മോഹഭംഗളുടെ
തടവറയാണെന്ന് രാവിന്റെ ഇരുളിൽ തെളിയും.
എന്റെ കവിതകൾക്ക്
സ്വപ്നങ്ങളിൽ കാണാത്ത നിറങ്ങളാണ്.
പല , പല നിറങ്ങളിലെ
കാഴ്ചപ്പാടുകളാണ്....
പലപ്പോഴും അഴിച്ചുപണിയും
ശരിയായില്ലെങ്കിൽ കീറിക്കളയും !
എന്റെ സ്വപ്നങ്ങൾ
പിന്നീട് വെളിച്ചം വിതറി കടന്നുപോകും....
കൂടെ ഞാനും....



കവിത

# ജലം





**ശ്രീജ വിജയൻ**

ആരോ പരുവപ്പെടുത്തിയത്
ഏതോ നീർരേഖയിലൂടെ -
പിച്ച നടന്നവൾ

സമൃദ്ധിയിൽ കോരിത്തരിച്ചവൾ
’അരുതുകളിൽ സശ്രദ്ധം നടന്നവൾ
നിയമം കാത്തവൾ

തളികയിൽ ഒഴുകി പരന്ന്
നീളൻ പാത്രത്തിൽ നീണ്ട്
ഗതകാലത്തിലഹങ്കരിക്കാതെ -
തിരച്ചുഴിയുണ്ടാകാതെ
അവരുടെ കൈവെള്ളയിൽ
ഒതുങ്ങി കിടന്നവൾ

നിർദയമൊരുനാൾ
ഒഴുക്കി കളഞ്ഞപ്പോൾ
സങ്കോചമില്ലാതെ
നീരസമേതുമില്ലാതെ
ആർത്തല ച്ചൊഴുകിയവൾ ജലം

# ബുദ്ധ പ്രതിമ വിൽക്കുന്ന സ്ത്രീ

**കവിത**



പ്രിൻസ്



വാഘുർനദിക്കര
അർദ്ധ വൃത്താകൃതിയിൽ
ശിലതുരന്നെടുത്ത
ഗുഹാക്ഷേത്രങ്ങൾ,
അജന്താ.
ബുദ്ധവിഹാരങ്ങൾ,
വിശ്രമാലയങ്ങൾ,
ഭോജനശാലകൾ,
കാതോർത്താൽ
നൂറ്റാണ്ടുകൾക്കപ്പുറത്തുനിന്നും
കരിങ്കലിൽ കൊത്തുളി പതിയുന്നതിന്റെയും
തളർന്നവശ്ശരായ ശിൽപ്പികളുടെ
കിതപ്പിന്റെയും ശബ്ദം കേൾക്കാം...

പതിനേഴാം നമ്പർ ഗുഹ..
ശിലാഭിത്തികളിൽ പരന്നൊഴുകുന്ന
മഞ്ഞ വൈദ്യുതി വെളിച്ചത്തിൽ
വരഞ്ഞിട്ടിരിക്കുന്ന ചിത്രങ്ങൾ
ശിൽപ്പങ്ങൾ,
സ്തൂപങ്ങൾ,
മധ്യത്തിൽ കൂറ്റൻ ബുദ്ധ പ്രതിമ...
കണ്ണുകളിൽ കൗതുകം നിറച്ച
സഞ്ചാരികൾ
നിശബ്ദം കാഴ്ചകൾ കാണ്ട് നടക്കുന്നു.

അവർക്കിടയിൽ നിന്നൊരുവൾ
ബംഗാളി, കൗമാരക്കാരി
സുസ്മിതമഹല്പത്ര
ഗുഹാ കവാടം കടന്നു
വെളിയിലേക്ക് വരുന്നുണ്ട്.
മറ്റൊരുവൾ, നിറം മങ്ങിയ ചെലയുടുത്ത,
കുഴിഞ്ഞ കണ്ണുള്ളവൾ
കയ്യിലൊരു തളികയിൽ
വെളുപ്പും കറുപ്പും നിറമുള്ള ചെറിയ
ബുദ്ധപ്രതിമകൾ അവൾക്ക് നേരെ നീട്ടുന്നുണ്ട്.
പെൺകുട്ടി വിലചോദിക്കുന്നു...
കിത്തന....?
ആട്ട് സൗ...
നിഷേധാർത്ഥത്തിൽ തലയാട്ടുന്നു ബംഗാളി കുട്ടി...
അവർ തമ്മിൽ വിലപേശൽ തുടരുന്നു..
പ്രതീക്ഷയോടെ വിൽപ്പനക്കാരി
വിലതാഴ്ത്തുന്നു...
സാത് സൗ..
ചെസൗ....
പച്ചാസ്...
സുസ്മിതയുടെ കണ്ണുകളിൽ വിജയത്തിളക്കം.

കയ്യിലെ പേഴ്സിൽ നിന്നും
ഒരൻപതു രൂപ നോട്ടവൾ
വിൽപ്പനക്കാരിക്ക് നൽകുന്നു

ഒരു വെളുത്ത ബുദ്ധ പ്രതിമയെടുത്തവൾ
താലോലിക്കുന്നു
ആഗ്രഹിച്ച കളിപ്പാട്ടം കിട്ടിയ
ഒരു കൊച്ചുകുട്ടിയുടെ
നിഷ്കളങ്കത്വമാണവളുടെ
മുഖത്തപ്പോൾ..

പണം വാങ്ങി തിരികെ നടക്കുന്ന
കച്ചവടക്കാരിയോടവൾ
വിളിച്ചു ചോദിക്കുന്നുണ്ട്
നാം.....?
പിന്തിരിഞ്ഞു നോക്കാതെയവൾ
മറുപടി പറയുന്നു.
യശോധര....!
സുസ്മിതയുടെ മുഖത്തിപ്പോൾ
ആഹ്ലാദമല്ല അമ്പരപ്പാണ്...

സഞ്ചാരികളായ
ബുദ്ധഭിഷുക്കൾക്കിടയിൽ നിന്ന്
പ്രതിമ വിൽക്കയാണ് എശോധര
അവർ തമ്മിൽ വിലയെ ചൊല്ലി തർക്കിന്നുണ്ട്.

വാഘുർ നദിക്കര യിലെ കാറ്റിൽ അവളുടെ
ക്ഷീണിച്ച ശബ്ദം അലഞ്ഞു നടക്കുന്നുണ്ട്..
ആട്ട് സൗ..
സാത് സൗ..
സുസ്മിതമഹൽപത്ര
യുടെ കൈവെള്ളയിലിരിക്കുന്ന വെളുത്ത
ബുദ്ധ പ്രതിമ
ഉച്ചവെയിലിൽ തിളങ്ങുന്നുണ്ടായിരുന്നു.
അതൊരു ധ്യാനബുദ്ധന്റേതായിരുന്നു.

# വിഷുക്കാലം

ബാല്യത്തിൻ കണിപ്പൊന്നിൽ...
അരികെപ്പൂത്ത കണിക്കൊന്നതൻ പൊൻവെയിൽ
അറയിൽ വിരുന്നെത്തും മേടപ്പൊൻപുലരി!
മാഞ്ചോട്ടിൻ തണലിൽ മധുരം ചാലിച്ച മാമ്പഴപ്പാനീയം
മൺമറഞ്ഞുപോയൊരാ കൊയ്ത്തുപാട്ടിന്നീണം
പിച്ചനടന്ന കളിമുറ്റത്തെ മാഞ്ചോട്ടിൽ
വിഷുപക്ഷി വിളിക്കുന്നു വിഷുവായ്....!

ഓട്ടുരുളിയിൽ തളികയിൽ പൂത്തിറങ്ങും-
മഞ്ഞപ്പഴങ്ങളും വാൽക്കണ്ണാടി,പ്പൊന്നും
മിഴിതുറന്നീടുമ്പോൾ ഉണ്ണിക്കണ്ണന്റെയാ-
മന്ദസ്മേരമണിയും തിരുമുഖകാന്തി!

മുത്തശ്ശൻ നൽകും കോടിപ്പുത്തനുടുപ്പും
മുഷിഞ്ഞ മുണ്ടിൻ തുമ്പിലെ കൈനീട്ടവും;
പടക്കത്തിൻ ചീറ്റലിൽ പൊട്ടിച്ചിരിച്ചാടി-
പ്പടരും ബാല്യത്തിൻ അമൃതസ്മരണകൾ.

മനസ്സിൻ മണിമുറ്റത്തുയരും പുണ്യകാലം.
നന്മകൾ പൂക്കുന്നൊരീ മേടപ്പൊൻ പുലരിയിൽ....!



കൃഷ്ണകുമാർ മാപ്രാണം



# മനക്കണക്ക്



ദീപ ദിനേശ്



പാഠമെത്ര പരിചിതമെങ്കിലും
പാതിയെത്തി മറന്നത്
പോലെഞാൻ
ആദ്യചോദ്യമെളുപ്പമാർഗ്ഗത്തിലായ്
ക്രിയ ചെയ്തു മുറിഞ്ഞത്
പോലെയും...

കൂട്ടിയേറെ ശിഷ്ടംപിടിച്ചിട്ടും
കൂട്ടമാകെ തെറ്റിപ്പിരിഞ്ഞതും
നാട്ടിലെന്റെ നഗരക്രമങ്ങളെ
നാട്ടുകൂട്ടമെതിർത്തതരങ്ങളും
ചോപ്പിലാകെ ഗുണനത്തിരക്കുകൾ
ചാർത്തിയെന്റെ മനമിന്നിടിച്ചതും..

നോക്കിയൊന്നു നേർക്കുനേർ നമ്മളാ
നോട്ടമെത്താ നഗരത്തിരക്കിലും
നോട്ടമന്ന് പിറന്ന നേരമാ കാറ്റ് പോലെ
ചിരി പറന്നതും
ആർത്തു പെയ്താ തോട്ടുവക്കത്തെ
കാട്ടിൽ വീണു കരൾ തകർന്നതും..

ഉള്ളിനുള്ളിലുടുപ്പ് തുന്നിയ മോഹമെന്നെ
വിടാതിറുക്കുന്നു
ആർക്കുമാരെയുമിന്നു വേണ്ടാത്തോ
രാൾത്തിരക്കിലെൻ മനമുടക്കുന്നു
നേർത്തു നേർത്തിടുങ്ങുന്ന
പോലുള്ള് നോട്ടമെത്താച്ചുരമിറങ്ങുന്നു..

# ഓർമ്മകളിൽ നിറയുന്ന കൊഴുന്തിൻ സുഗന്ധം

**കവിത**

കൊഴുന്തിന്റെ സുഗന്ധം മായാത്ത മുടിയിഴകളിൽ
ഇപ്പോഴും തങ്ങിനിൽപ്പുണ്ട് അയാളുടെ നിശ്വാസം !
കാഴ്ചകളുടെയും മേളങ്ങളുടെയും ഇടയിലും
ആ കണ്ണുകളിൽ ഞാൻ കണ്ടു ,
പണ്ടെന്നോ മറന്നുവച്ച ഓർമ്മകളുടെ ശിങ്കാരിമേളം .

വർഷങ്ങളുടെ പഴക്കമുള്ള
പാൽ സൊസൈറ്റിയും മുക്ക് തിരിയുന്നിടത്തെ
പടുകൂറ്റൻ പഞ്ഞിമരവും, പേരുകേട്ട ശിവന്റമ്പലവും
കൺമുന്നിലോടിയെത്തി.

എന്നിൽ വീണ്ടും കൗതുകത്തിന്റെ,
കൗമാരത്തിന്റെ
ഒരുത്സുകത പരന്നു..
എന്തിനാണെന്ന ചോദ്യമില്ലാതെ മനസ്സ് വിങ്ങി...

അറിയാതെ ഇടത്തേ കൈത്തണ്ടയിൽ നോട്ടം
തുറിച്ചു നിന്നു...
ആൾത്തിരക്കിൽ
ആരവങ്ങൾ മുറുകുന്നതിനിടയിൽ ,
ആർക്കുമാരെയും ശ്രദ്ധിക്കാൻ
നേരമില്ലാത്തൊരു നിമിഷത്തിൽ
അവന്റെ കൈപ്പിടിയിൽ
അമർന്നുടഞ്ഞ എന്റെ ചുവന്ന കുപ്പിവളകൾ ?

പ്രണയം കൊണ്ട് പോറിയ
ചുവന്ന വരയെ ഹൃദയം പരതി....
ഉത്സവ പിറ്റേന്ന് അതിരാവിലെ
സ്കൂളിൽ പോകുന്ന വഴിയേ ഞങ്ങൾ
കൂട്ടുകാർക്ക് മത്സരിച്ചൊരു പാച്ചിലുണ്ട്
നേരെ അമ്പലപ്പറമ്പിലേക്ക്!

പെയ്തൊഴിഞ്ഞ ആകാശത്തിൻ കീഴെ
മണ്ണിന്റെ മാറിൽ
ജീവിതങ്ങളും, ആശകളും
സ്വപ്നങ്ങളും, പ്രതീക്ഷ
കളും, നഷ്ടങ്ങളുമെല്ലാം കൂടിക്കുഴഞ്ഞ,
തിമിർപ്പുകൾക്കൊടുവിലത്തെ
ശൂന്യതയുടെ അവശിഷ്ട
ങ്ങൾ പെറുക്കാൻ...

മേയാൻ വിട്ട മനസ്സിന് തിരികെ മടങ്ങാൻ
എന്തേ? ഒരു വിസമ്മതം,!
ചുണ്ടുകളെ ചുംബിച്ചുണർത്താതെ
മനസ്സിന്റെ മൗനകുടീരത്തിൽ
എന്തിനാണെന്നേരം
വാക്കുകൾ അടയിരുന്നത്? സ്വയം ചോദിച്ചു?...
ആർക്കറിയാം!
അയാളുടെ നിശ്വാസം പുരണ്ട മുടിയിഴകളെ
വീണ്ടും വിരലുകൾ തഴുകുമ്പോൾ മനസ്സ് ആ
ചുവന്ന കുപ്പിവളകളിൽ
അടർന്നു വീഴുകയായിരുന്നു.



ജസിയ ഷാജഹാൻ.

# ആകാശകുതിര

കവിത



നിബിൻ കള്ളിക്കാട്

ഒറ്റയ്ക്കാണിന്നു ഞാൻ
ഒറ്റുറക്കം മാത്രം,
ഒട്ടേറെ വെറുപ്പിക്കും
ഒരേകാന്ത രാത്രിയിൽ

സ്വപ്നത്തിലെത്തി
ഒരാകാശകുതിര
എന്നോടുമിണ്ടിയെവിടെ
നാം പോകുവാൻ,

ഒന്നതിൽ പരിഭ്രമം –
പിന്നെയാണാവേശം
പിന്നാലെയെത്താത്ത
ദൂരത്തിൽ പോയിടാം,

ആരും വരില്ലെങ്കിൽ
ആരോരുമില്ലെങ്കിൽ
ആദി തന്നെയാണിടം
ആർക്കും ജീവന്നുറവിടം

അങ്ങനെയിടമുണ്ടേൽ
അകലമാണാവേശം
പാറുന്ന വേഗത്തിൽ
പിന്നിലാകും ദൂരം,

മൃഗവേഗ കുതിരകൾ
മൃതമൂർച്ചയെത്തുമ്പോൾ
മൃത്യുവും വിറയോടെ
മൃതിയിലുലയ്ക്കുമ്പോൾ,

വികൃത വ്യാപ്തങ്ങളിൽ
വികസനങ്ങൾ പാഞ്ഞു
വികാര നിമിഷങ്ങൾ
വിസ്മയമാകുമ്പോൾ

എത്രയോ പിറവികൾ
എന്തിനെന്നറിയാതെ
തേടുമ്പോളില്ല മറ്റൊരു
ബന്ധുവും ഭൂമിയിൽ


സങ്കടസത്യത്തിൽ
സായാഹ്നനേരത്തിൽ
സാരമില്ലന്നോതിയ
സാരാംശ വാക്കിലും

ആകാംക്ഷ വന്നുവോ
ആകാശം കാണുവാൻ
ആരോരുമില്ലാത്തതിൽ
ആനന്ദമാകുവാൻ....!

കണ്ണടയ്ക്കുമ്പോളതാ
കണ്ണട വയ്ക്കാതെ
കണ്ണിനുള്ളിൽ നിറഞ്ഞ
കണ്ണീരിനാകാശം....

ഒറ്റുറക്കം മാത്രമതിലെത്തി
ആകാശകുതിരകൾ
ഒരേകാന്ത നിമിഷത്തിൽ
ഒറ്റ വാക്കുചൊല്ലിപ്പോയി

മൃതിനക്ഷത്രരാശികൾ
മിന്നി തെളിക്കുമ്പോ
കൂട്ടിനില്ലല്ലോ ബന്ധുക്കൾ
ജനിക്കുന്ന മർത്യനായ്...!



# ബാല്യം



ഇമകളടയുമ്പോൾ ഹൃദയം സ്വപ്ന രഥത്തിലേറവേ
പൂർണ്ണചന്ദ്രൻ തൻ പ്രഭ പോൽ
മമഹൃദയം വാർഷിക്കുന്നിതാ മനോഹരമാം ബാല്യം
തുലാവർഷ രാത്രിയിൽ കോരിചൊരിയുമീ മഴയിൽ
വർഷപാതം ശ്രവിക്കവെ
ഞാനാറിയാതോർത്തു പോകുന്നൊരാ ബാല്യം

മണ്ണപ്പം ചുട്ടുകളിക്കുമാ പ്രായത്തിൽ
കൂട്ടുകാരൊത്തുല്ലസിച്ച നേരം
തേൻ മധുരം തുളുമ്പുന്ന മാമ്പഴങ്ങൾ
കൊതിയോടെ നുണഞ്ഞൊരാ ബാല്യം

കുളക്കടവിലെ ആലിൻ തറമേൽ
മിത്ര സംഘമമാം സായാഹ്നവും
കുസൃതി കാറ്റായി ചക്രവാഹമായി
പാറിനടന്നൊരാ ഋതുവും

പത്മതീർത്ഥത്തിലെ പാതിവിരിഞ്ഞൊരാ
പവിഴതാമര നുള്ളിയെടുത്തു കൃഷ്ണനായതും
ഷാണ്മാസരാവിൽ പൂകുമാ ശശികാന്തം -
കാണുവാൻ കാത്തിരുന്നൊരാനർഘ ബാല്യം
ജീവിതത്തിലെ നശ്വര ഭാവങ്ങൾ അനശ്വരമാക്കി -
തീർത്തൊരാ ബാല്യമേ, വീണ്ടുമണഞ്ഞിരുന്നുവെങ്കിൽ
നമ്മളൊന്നിച്ചു നെയ്തൊരാ സ്വപ്ന -
സാക്ഷാത്കാരത്തിനായ്, പ്രാപിച്ചിരുന്നുവെങ്കിൽ

ലോകത്തിലേതു കോണിലാകിലും ജീവിതാവസ്ഥ ഏതുമാകിലും
അറിയുന്നു ഞാനാ സാനിധ്യമിന്നും
അനുഭവിക്കിലുമാ മൃദുസ്പർശമെന്നും

ഇനിയും പൂക്കുമാ വസന്തവും ഗ്രീഷ്മവും പോകെ
വർഷവും ശരത് കാലവും മാറവെ
തുടർ, ഹേമന്തവും ശിശിരവും അണയുമെന്നിരുന്നാലും
ജീവനിൽ, ബാല്യം തൻ നിനവുകൾ എന്നും പ്രിയതരം

യാഥാർഥ്യമിന്നകലെ എങ്കിലും
ഹൃദയത്തിലെന്നും അമര രന്ത ജ്വാലയായ്
ഓർമകളിൽ അവയിന്നും ഭദ്രം

നൊമ്പരമേതുമാകിലും കലയായ് അവശേഷിപ്പൂ
ആ മുറിവിൻ ശേഷിപ്പെൻ ഹൃദയ ധമനികളിൽ ഉടനീളം
ഒരു നോവായി അവശേഷിപ്പൂ
ഇനിയുമെന്നുമെൻ സിരകളിൽ ആദ്യന്തം



ഡോ. കിരൺ വിൻസന്റ്

# ഛായമുഖി

കവിത

വീട്ടിൽനിന്നും
നിരത്തിലേയ്ക്കിറങ്ങുമ്പോൾ,
ബസ്സിൽ കയറുമ്പോൾ,
എന്റെ കാഴ്ചകൾ മറയുന്നു

വേഗതയിൽ ടൂവിലർ ഓടിക്കുന്നവന്
ട്രാഫിക്ക് പോലിസിന്റെ ഛായ.

തിരക്കുപിടിച്ച നിരത്തിനപ്പുറം കടക്കുന്ന
കണ്ണുകാണാത്തവന്
കുടുംബഡോക്ടറുടെ ഛായ

മീറ്റർ പ്രവർത്തിപ്പിക്കാതെ
വഴക്കിടുന്ന ഓട്ടോറിഷക്കാരന്
വക്കീലിന്റെ ഛായ.

പൈപ്പുവെള്ളം കുടിച്ച്
വയറുനിറക്കുന്നവന്
വിശപ്പിനാൽ കൊല്ലപ്പെട്ടവന്റെ ഛായ.

ബസ്സിൽ കയറുമ്പോഴെന്നും
പുറത്ത് ഇരുട്ടുനിറയുന്നു.
കണ്ടക്ടർ കണക്കുമാഷാകുന്നു.
ഡ്രൈവർ ഹെഡ്മാഷും.

ബസ്സിലുള്ള എല്ലാവരും
എന്തുകൊണ്ടാണ് എന്റെ മാത്രം
ഛായയാകുന്നത്.



രേഖ സി.ജി.



# ഉപ്പിന്റെ ഭൂപടം





സിന്ധു ഗാഥ

കവിത

ആയുധപ്പുര ആർത്ത് ചിരിക്കുമ്പോൾ
അമ്മയുടെ സാരിത്തുമ്പിൽ ഒരു
കുഞ്ഞു ലോകം അഭയം തേടുന്നു.
അവിടെ കടൽ
കരകവിഞ്ഞ് ഉപ്പിന്റെ ഭൂപടം വരയ്ക്കുന്നു.

കുഞ്ഞുവിരലുകൾ
ഒരു വൃക്ഷത്തിന്റെ വേരുപോലെ
അമ്മയുടെ ഗർഭത്തിലേക്ക് പതിഞ്ഞിരിക്കുന്നു,
യുദ്ധം വേരുകൾക്കു മണ്ണ് കൊടുക്കുന്നില്ല,
അത് ഗർഭത്തേയും അനാഥമാക്കുന്നു.

അവന്റെ കണ്ണുകളിൽ
പൊട്ടിയ ചില്ലുകൂടുകൾ കാണാം,
അതിൽ ദൈവം പോലും വിഘടിച്ച്
സ്വന്തം മുഖം തിരിച്ചറിയാതെ പോകും.

യുദ്ധം എന്നത്
വെടിയൊച്ചകളല്ല,
പടക്കങ്ങൾ പൊട്ടുന്ന രാത്രികളുമല്ല

ഒരു കുട്ടി
"അമ്മ" എന്ന് വിളിക്കുമ്പോൾ
പ്രപഞ്ചം വിറകൊള്ളുന്ന നിമിഷങ്ങളാണ്

അവന്റെ കവിളിലൂടെ ഒഴുകുന്നത്
അവനറിയാത്ത ഭാഷയിൽ
ചരിത്രമെഴുതുന്ന ദുരന്തം

ഒരു ദിവസം
പുസ്തകങ്ങളിൽ യുദ്ധത്തെ കുറിച്ച്
അവൻ വായിക്കാം,

യുദ്ധം പട്ടണങ്ങളെ തകർക്കും,
പാലങ്ങളെ ഇടിച്ചിടും എന്നൊക്കെ
പക്ഷേ അതിന് ഏറ്റവും ഇഷ്ടം
കുഞ്ഞുങ്ങളുടെ ഭാവി തകർക്കുന്നതാണ്.
എന്നും അവനറിയാം

യുദ്ധ-ചിത്രത്തിൽ
ഒരു കുഞ്ഞ് മാത്രമല്ല, മറിച്ച്
ഒരു മുഴുവൻ രാജ്യത്തിന്റെ
ഭയന്ന നിശ്ശബ്ദമായ ബാല്യം
നിലവിളിച്ചു കരയുന്നുണ്ട്.

അവന്റെ കണ്ണുനീരിന്റെ ശബ്ദം
നമ്മൾ കേൾക്കാത്തതുകൊണ്ട്
ഇല്ലാതാവുന്നില്ല.

യുദ്ധം ചിലപ്പോൾ
കണ്ടെത്താനാകാത്ത ഒരു മോഷ്ടാവാണ്,
ശാന്തി കവരുന്ന മോഷ്ടാവ്

ഇവിടെ
ഒരു കുഞ്ഞ് കരയുന്നു,
പക്ഷേ ഭൂമി മുഴുവൻ
അവനൊപ്പം കരയേണ്ടതായിരുന്നു.

യുദ്ധം എന്നത് വെടിയുണ്ടകളല്ല,
അതൊരു മറവിയാണ്;
മുലപ്പാലിന്റെ മണമുള്ള കാറ്റിനെ
വെടിമരുന്നിന്റെ ശ്വാസം കൊണ്ട്
കഴുത്തു ഞെരിച്ചു കൊല്ലുന്ന മറവി!

പാവകൾക്ക് ചോരയൊഴുക്കാൻ അറിയില്ലെന്ന്
ഏതു ദൈവം പറഞ്ഞു?

തകർന്നുവീണ ചുമരുകൾക്കിടയിൽ
ഉടമസ്ഥനില്ലാത്ത പാവ
ഇന്നും കണ്ണുതുറന്നു പിടിച്ചിരിക്കുന്നത്
മനുഷ്യനിലെ മൃഗത്തെ കണ്ടുകൊണ്ടാണ്

ഭൂമിക്ക് തന്റെ മാറിൽ വീഴുന്ന
ഓരോ കുഞ്ഞുതുള്ളി ചോരയും
കയ്ക്കുന്ന മുലപ്പാലാണ്..

മരിച്ചവരുടെ കണക്കെടുക്കുന്നവർ കാണാത്ത
ത്
ജീവിക്കാൻ മറന്നുപോയ
ഒരു തലമുറയുടെ ശൂന്യമായ ആകാശമാണ്.

ഇനിയൊരു പൂവ് വിരിയുമ്പോൾ
അതിൽ സുഗന്ധത്തിന് പകരം
ആരുടെയൊക്കെയോ അന്ത്യശ്വാസമുണ്ടാകും..

യുദ്ധം ജയിക്കുന്നവന്റെ സിംഹാസനം
നിർമ്മിച്ചിരിക്കുന്നത്
ഒറ്റപ്പെട്ടുപോയ ഈ കുഞ്ഞിന്റെ
നിലവിളി മണ്ണിലാണ്!

# വെളിച്ചം തുന്നുന്ന വെളുത്ത ശലഭങ്ങളുടെ ഓർമ്മയ്ക്ക്




ഡോ രമ്യാരാജ്

വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടവന്
രണ്ട് തരം ചിന്തകളാണുള്ളത്,
വളഞ്ഞൊഴുകുന്ന പുഴയിൽ
നീന്തിത്തുടിക്കുന്ന വിരലുകളെ
കടൽ കടത്തുന്നതെങ്ങനെയെന്നതും,
അന്നന്നത്തെ അത്താഴത്തിലെ
അവസാന വറ്റിൽ
കുടുങ്ങിക്കിടക്കുന്ന ഉമിനീരിന്റെ
രുചിയറിയുകയെന്നതും.

വാതിലുകൾ അയാൾ കണ്ടതേയില്ല
വിശേഷിച്ചും തുറന്നടയുന്നവ.
അഴികൾക്കിടയിലെ ശൂന്യതയിലാണ്
അയാളുടെ നിമിഷങ്ങളോരോന്നും
യാത്ര പോയിരുന്നത്.

രണ്ട് സമാന്തര പ്രവാഹങ്ങളിൽ
വീണു കിടക്കുന്ന ജീവനിൽ
അയാൾ പുനർജ്ജനിച്ചു കൊണ്ടേയിരുന്നു.
ദിവസങ്ങളുടെ ദൈർഘ്യങ്ങളെ
രാത്രികളുടെ കണികാസിദ്ധാന്തങ്ങളിൽ തൂക്കിയിട്ട്
അയാൾ മരണത്തെ അഴിച്ചുപണിതു.
കറുത്ത മരണത്തിന്റെ
വെളുത്ത മോക്ഷത്തിൽ,
മതിഭ്രമം വന്ന ദിവസങ്ങളിൽ,
ഇവയിലെല്ലാം വാശിയോടെ കടന്നുവന്ന
പ്രാണവായു കനപ്പെട്ട ചിത്രങ്ങൾ വരച്ചിടുമ്പോൾ
അയാൾ ഹൃദയത്തെ ചോര തൊടാതെ സൂക്ഷിച്ചു.



കവിത

# കവിതക്കണി



രാജു കാഞ്ഞിരങ്ങാട്

വിഷുവല്ല
വിശേഷവുമില്ല
കവിതയുടെ കണിക്കൊന്ന
പൂവിട്ടതു കാണുക

കാണിക്കയൊന്നും വേണ്ട
കരുതലും.
കേൾക്കൂ:
'പൂക്കാതിരിക്കാൻ എനിക്കാ -
വതില്ലേ '

കുന്നായ്മകളരുതെന്നുരചെയ്യുക
കുടിലത അരുതരുതെന്നോതീടുക
ക്ഷണനേരം കൊണ്ടടരും പത്രം -
യെന്നതുപോലെ ജീവന മറിയുക

താളം പോര കവിതയ്ക്കെന്ന്
തള്ളിപ്പറയുമ്പോഴോർത്തീടുക
ജീവത താളം കണിവെയ്ക്കുന്നു -
ഞാൻ
ജീവിത മില്ലേൽ കവിതയുമില്ല

# മങ്കി ബാത്ത്



അജയ് ഘോഷ് M.B

കവിത



മങ്കി ബാത്ത് പോലെ
സൊറ പറച്ചിൽ
മുഴുവൻ
കേട്ടിരിക്കണമെന്നായിരുന്നു
ടിക്കറ്റിന്
പൈസമുടക്കിയ കൂട്ടുകാരന്റെ
നിബന്ധന.
നൂറ്റൊന്നാവർത്തിയാലോചിച്ച ശേഷം
ആ ദൃശ്യ വിസ്മയം കാണാൻ
ഞാൻ തയ്യാറായി.
അവസാനം
'തെമ്മാടിക്കൂട്ടങ്ങളുടെ
പ്രകടനം'
ഗംഭീരമായെന്നവൻ
പ്രഖ്യാപിച്ചു.
ടിക്കറ്റിന്റെ
മൂല്യമോർത്ത് ഞാൻ നിൽക്കുമ്പോഴാണ്
എറണാംകുളത്തു നിന്ന് ചെറിയച്ഛൻ
കൊണ്ടുവന്ന പടക്കമത്രയും
ഇന്നു തന്നെ പൊട്ടിച്ചു തീർക്കേണ്ടെന്ന
അച്ചാച്ചന്റെ അന്ത്യശാസനം.
തുടങ്ങിയാൽ പിന്നെ എല്ലാം കത്തിച്ചു
തീർക്കണമെന്ന് യുദ്ധമുഖത്തു
നിൽക്കുന്നവരുടെ മനോവീര്യത്തിൽ
ചെറിയച്ഛൻ .
പശ്ചിമേഷ്യയിലെന്നപോലെ
സ്വീകരണ മുറിയിലെ
ചാനലുകൾ എനിക്കുനേരെ
കണ്ണുകൾ തുറന്ന്
യുദ്ധം കടുപ്പിച്ചു.

അംബരചുംബികളായ
സൗധങ്ങളും
പിഞ്ചുകുഞ്ഞുങ്ങളുമെല്ലാം
ചാരക്കൂമ്പാരമായി.
ഭൂമിക്കടിയിലെ
എണ്ണപ്പാടങ്ങൾ കീഴ്മേൽ മറിഞ്ഞ്
ചാരക്കൂനകൾക്കിടയിലൂടെയൊഴുകാൻ
തുടങ്ങി.

വിശ്വഗുരുവിന്റെ
മങ്കി ബാത്ത്
അപ്പോഴും കേട്ടുകൊണ്ടേയിരുന്നു.

കവിത

# ഓർമയിൽ ഒരു വിഷുക്കാലം



രജനി സുരേന്ദ്രൻ

ഓർമയിലൊരു വിഷുപ്പക്ഷി
ചിറകിട്ടടിച്ചു പാടുന്നു
വിത്തും കൈക്കോട്ടും തിരഞ്ഞ് ...
ചക്കയിലുപ്പുണ്ടോ ചോദിച്ച് ...

ഓർമയിലൊരു മയിൽപ്പീലി -
ത്തുണ്ടിലെൻ കണ്ണുടക്കുന്നു
കാണുന്നു കണ്ണനാമുണ്ണിതൻ
മന്ദസ്മേര തിരുമുഖം..

ഓർമയിലൊരു കണിക്കൊന്ന
തങ്കക്കതിർമാല ചൂടിയെൻ
ചുറ്റിലും ചൂഴ്ന്നു നിൽക്കുന്നു
ഹൃത്തടം ആർദ്രമാക്കുവാൻ

ഓർമയിലൊരു കൈനീട്ടം
മാടിയെന്നെ വിളിക്കുന്നു
കുഞ്ഞു കണ്ണിൽ നിറയ്ക്കുന്നു
അദ്ഭുതാനന്ദവിസ്മയം

ചുട്ടുപൊള്ളിക്കനച്ചൊരെൻ
തപ്ത ജീവിതയാത്രയിൽ
ഓർമയായ് പൂത്തുനിൽക്കുന്നു
മേടസംക്രമസന്ധ്യകൾ.

# വിഷുഗാനം



**ഡോ.പി സജീവ്കുമാർ**

വിഷുപ്പക്ഷി പിന്നെയും പൊഴിയ്ക്കുന്നു
പടിപ്പുരക്കോണിൽ
ഒരു തൂവൽ.
വിഷുക്കാലം പിന്നെയും
വന്നിടുമ്പോൾ
കിളിച്ചുണ്ടൻ മാവിൽ
ഒരു കൂവൽ.

തൊടിയിലായ് അലഞ്ഞീടുന്നു
മേടക്കാറ്റ്
പാടത്തായ് അരങ്ങേറുന്നു
മേടക്കൊയ്ത്ത്,
കുട്ടിക്കൂട്ടം മുറ്റത്തായ്
തീർക്കണല്ലോ കളിമേളം
(വിഷുപ്പക്ഷി പിന്നെയും)
നാട്ടു വഴിയിൽ
വട്ടം കൂട്ടുന്നല്ലോ,
വിഷുവേലക്കാർ .
ഓട്ടുരുളിയിൽ
ഉണ്ണിക്കണ്ണനൊപ്പം,
കണിക്കൊന്ന.
കണികാണാം, മനം നിറയാം
കൈനീട്ടം വാങ്ങാം.
(വിഷുപ്പക്ഷി പിന്നെയും)



# കഥപറച്ചിലുകാരി



ഉഷ കെ.

കവിത

കുഞ്ഞുനാളിൽ കേട്ട കഥകളിലവൾ
തൊങ്ങലുകൾ ചേർത്ത് മിനുക്കിയെടുത്തത്
കേട്ടവർ കേട്ടവർ പറഞ്ഞു
മിടുക്കി!
ഇവൾ വളരുമ്പോൾ
വലിയ കഥ പറച്ചിലുകാരിയാവുമല്ലോ.
ആയതിനാൽ
വളർന്നിട്ടുമവൾ
കഥ പറച്ചിൽ തുടർന്നു.
അപ്പോഴവർ മുഷിഞ്ഞു.
കഥ പറച്ചിൽ നിർത്തി, വല്ലതുമൊക്കെ
വെച്ചുണ്ടാക്കേണ്ടവൾ
എന്ന മന്ത്രമുരുക്കഴിച്ച,വര,വൾക്കായ്
പുതിയ കഥകൾ രചിച്ചു കൊടുത്തു.
തീയിൽ ചുട്ടെടുത്ത വെന്ത കനവുകൾ.
കനൽകട്ടകൾ പോലെരിഞ്ഞപ്പോൾ
അവൾ കഥ പറച്ചിലുകൾ നിർത്തി
പകലിരവുകളറിയാതെ
ദിക്കു തെറ്റിയ പട്ടം പോല,ലഞ്ഞു.
കഥകളെയെല്ലാം തല്ലിക്കെടുത്തി
ഉപ്പുകൽചട്ടികളിലും കടുമാങ്ങാ ഭരണികളിലും
കടുക്പാത്രത്തിലും കുഴിച്ചിട്ടവൾ മൗനിയായി.
ഉപ്പ്പരലുകൾക്കിടയിൽ കിടന്ന് കണ്ണീരൊലിപ്പിച്ചും
കടുമാങ്ങകൾക്കിടയിൽ കിടന്നു ഞെരുങ്ങിച്ചുങ്ങിയും
കടുക്പോലെ പൊള്ളുമ്പോൾ പൊട്ടിത്തെറിച്ചും
സഹികെട്ട കഥകളുടെ നിലവിളി സഹിക്കാഞ്ഞ്
അവളവയെ ഏതോ കാട്ടിൽ
ചങ്ക്പറിച്ചെന്ന പോലെ വലിച്ചെറിഞ്ഞു.
ചില്ലകളിന്മേൽ തലചായ്ച്ചും
ഇലകളാൽ കണ്ണീരൊപ്പിയും
മരപ്പെയ്ത്താൽ ദാഹം തീർത്തും
കഥകളാ മരങ്ങളിലേറെനാ,ളൊട്ടിനിന്നു.
പിന്നീടെപ്പോഴോ
മരങ്ങൾ താളുകളായി പരിണമിച്ച വേളയിൽ
അവയിലൊട്ടിയ കഥകളും
മഷി പുരണ്ട് തെളിഞ്ഞു തിളങ്ങി,
പിന്നെയെപ്പൊഴോ
പുഴ,യതിൻറെ ഉറവയിലേക്കെന്നപോലെ
ആ മഷിമണം മാറാത്ത
കഥകളോരോന്നും
അവളിലേക്കു തന്നെ തിരിച്ചെത്തി
അപ്പോഴവർ അവളുടെ ചുറ്റും
കഥ കേൾക്കാനിരുന്നു
അവൾ വീണ്ടും കഥ പറച്ചിലുകാരിയായി.
അല്ലെങ്കിലും അവൾ എന്നും
കഥ പറച്ചിലുകാരിയായിരുന്നില്ലേ
ആരാലും വായിക്കപ്പെടാതെ,
പ്രകൃതി അറിയിക്കും വരെ.



# മൊഴിമുത്തുകൾ പെയ്യുന്ന ഹൃദയതാളം





ബിനു വെളിയനാടൻ

മനുഷ്യൻ പടുത്തുയർത്തിയ സംസ്കാരത്തിന്റെ ഏറ്റവും മനോഹരമായ ആഭരണമാണ് വാക്ക്. ഒരു ചെറിയ പുഞ്ചിരിയും ആർദ്രമായൊരു വാക്കും കൊണ്ട് ഒരാളുടെ ലോകത്തെത്തന്നെ മാറ്റിമറിക്കാൻ നമുക്ക് കഴിയും. നമ്മുടെ വ്യക്തിത്വം എന്നത് നാം ധരിക്കുന്ന വസ്ത്രമോ കൈവശമുള്ള സമ്പത്തോ അല്ല, മറിച്ച് മറ്റുള്ളവരോടുള്ള നമ്മുടെ ഇടപെടലുകളുടെ ആകെത്തുകയാണ്. മനഃശാസ്ത്രപരമായ വീക്ഷണത്തിൽ നാം ഒരാളോട് സംസാരിക്കുമ്പോൾ കൈമാറുന്നത് വെറും വാക്കുകളല്ല, മറിച്ച് തലച്ചോറിലെ ന്യൂറോണുകളെ ഉണർത്തുന്ന രാസസന്ദേശങ്ങളാണ്. സ്നേഹപൂർണ്ണമായ ഒരു വാക്ക് കേൾക്കുമ്പോൾ മനുഷ്യരിൽ ഓക്സിറ്റോസിൻ എന്ന സ്നേഹഹോർമോൺ ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഇത് ബന്ധങ്ങളിൽ വിശ്വാസവും സുരക്ഷിതബോധവും വളർത്തുന്നു. അതേസമയം കഠിനമായ വാക്കുകൾ ഭയത്തിന്റെയും സമ്മർദ്ദത്തിന്റെയും ഹോർമോണായ കോർട്ടിസോൾ വർദ്ധിപ്പിക്കുന്നു. വാക്കുകൾക്ക് ഹൃദയമിടിപ്പിന്റെ താളം മാറ്റാൻ കഴിയുന്നത് അതുകൊണ്ടാണ്.

**കുടുംബം: സ്നേഹത്തിന്റെ വേരുകൾ**

ബന്ധങ്ങളുടെ വേരുകൾ തുടങ്ങുന്നത് കുടുംബത്തിലാണ്. ദമ്പതികൾക്കിടയിലെ ഊഷ്മളമായ സംസാരം ആ വീടിന്റെ ഐശ്വര്യമാണ്. പകലന്തിയോളം അധ്വാനിച്ചു വരുന്ന പങ്കാളിയോട് അവരുടെ ക്ഷീണം മാറ്റാൻ സ്നേഹത്തോടെയുള്ള ഒരു പുഞ്ചിരിയും ഇന്ന് ഒരുപാട് കഷ്ടപ്പെട്ടല്ലോ എന്നൊരു ആശ്വാസവാക്കും മതിയാകും. അവിടെ അധികാരം വാക്കുകളിലല്ല, കരുതലിന്റെ മധുരത്തിലാണ് ഉണ്ടാകേണ്ടത്. മറിച്ച് പരിഹാസം കലർന്ന വാക്കുകളോ കുറ്റപ്പെടുത്തലുകളോ ആ ബന്ധത്തിന്റെ അടിത്തറ ഇളക്കും. മാതാപിതാക്കൾ കുട്ടികളോട് നടത്തുന്ന സംസാരം അവരുടെ ഭാവി രൂപപ്പെടുത്തുന്ന ശില്പശാലയാണ്. നിന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ല എന്നൊരു കഠിനവാക്ക് ഒരു കുഞ്ഞിന്റെ ആത്മവിശ്വാസത്തെ എന്നെന്നേക്കുമായി തകർത്തേക്കാം. എന്നാൽ സാരമില്ല, നിനക്കിത് സാധിക്കും എന്ന പ്രോത്സാഹനം അവരെ പ്രതിഭകളാക്കി മാറ്റും. മാതാപിതാക്കളുടെ വാക്കുകൾ മക്കൾക്ക് എന്നും തണലാകണം, തളർച്ചയാകരുത്.

**അറിവിന്റെ ലോകത്തെ സ്നേഹഭാഷ**

ഗുരുനാഥന്മാരുടെ വാക്കുകൾ വിദ്യാർത്ഥികളുടെ ജീവിതത്തിലെ വഴികാട്ടികളാണ്. ഒരു അധ്യാപകൻ കുട്ടിയോട് നടത്തുന്ന ഹൃദ്യമായ സംസാരം വെറുമൊരു ഉപദേശമല്ല, മറിച്ച് അതൊരു വിത്താണ്. ക്ലാസ് മുറികളിൽ ഭയത്തിന് പകരം സ്നേഹത്തിന്റെ ഭാഷ സംസാരിക്കുന്ന അധ്യാപകൻ കുട്ടികളുടെ മനസ്സിലാണ് ജീവിക്കുന്നത്. തെറ്റുകൾ സംഭവിക്കുമ്പോൾ അത് സ്നേഹപൂർവ്വം തിരുത്തിക്കൊടുക്കുന്ന ഒരു ഗുരുനാഥന് മാത്രമേ ഒരു നല്ല തലമുറയെ വാർത്തെടുക്കാൻ കഴിയൂ. ശകാരത്തേക്കാൾ വലിയ മാറ്റം ഒരു വിദ്യാർത്ഥിയിൽ ഉണ്ടാക്കുന്നത് അധ്യാപകൻ നൽകുന്ന ഒരു ചെറിയ അംഗീകാരമായിരിക്കും.

**വാക്കുകൾ വരുത്തുന്ന മുറിവുകൾ**

വാക്കുകൾ അമ്പുപോലെയാണ്; ഒരിക്കൽ തൊടുത്തുവിട്ടാൽ അവ തിരിച്ചെടുക്കാൻ കഴിയില്ല. പലപ്പോഴും ബന്ധങ്ങൾ തകരുന്നത് വലിയ കാരണങ്ങൾ കൊണ്ടല്ല, മറിച്ച് അസ്ഥാനത്തുള്ള കഠിനമായ സംസാരം കൊണ്ടാണ്. മറ്റുള്ളവരുടെ കുറവുകളെ കുത്തിനോവിക്കുന്ന പെരുമാറ്റമോ പരിഹാസമോ ഒരാളുടെ ആത്മാഭിമാനത്തെയാണ് തകർക്കുന്നത്. ശാരീരികമായ ഉപദ്രവത്തേക്കാൾ ആഴത്തിൽ കഠിനവാക്കുകൾ ഹൃദയത്തെ മുറിപ്പെടുത്തുന്നു. നാവുപിഴ കൊണ്ടുണ്ടാകുന്ന ആഴത്തിലുള്ള വിള്ളലുകൾ കാലം കഴിഞ്ഞാലും ഉണങ്ങുക പ്രയാസമാണ്. സമൂഹത്തിൽ നാം ഇടപെടുന്നത് നമ്മുടെ സ്വഭാവത്തിന്റെ പ്രതിഫലനമായാണ്. അപരിചിതരോട് പോലും മാന്യമായും പുഞ്ചിരിയോടെയും സംസാരിക്കാൻ കഴിയുന്നത് വലിയൊരു വ്യക്തിത്വ ഗുണമാണ്. കവി പാടിയതുപോലെ, മൃദുവായ വാക്കുകൾ മരുന്നാണ്, അത് മുറിവുകളെ ഉണക്കുന്നു; കഠിനമായ വാക്കുകൾ വിഷമാണ്, അത് ഹൃദയങ്ങളെ കൊല്ലുന്നു. നമ്മുടെ നാവിലുണ്ട് ലോകത്തെ സുന്ദരമാക്കാനുള്ള മാന്ത്രികവിദ്യ. കഠിനമായ വാക്കുകൾ കൊണ്ട് മരുഭൂമി തീർക്കുന്നതിന് പകരം ഹൃദ്യമായ സംസാരം കൊണ്ട് നമുക്ക് ചുറ്റും സ്നേഹത്തിന്റെ പൂന്തോട്ടം നിർമ്മിക്കാം. ●




**കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ**

# പുതുനാമ്പുകൾക്ക്
# സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

## ആദിയും മിട്ടുവും

ഒരു ദിവസം ആദിമോനും മിട്ടു പൂച്ചയും കൂടി കളിക്കുകയായിരുന്നു. മിട്ടു പൂച്ച ആദി കാണാതിരിക്കാനായി കിണറിന്റെ വക്കത്തൂടെ അപ്പുറത്തേ കുറ്റിക്കാട്ടിലേക്ക് നടന്നു.പെട്ടെന്ന് കാൽ വഴുതി കിണറിലേക്ക് വീണു. വെള്ളത്തിൽ മുങ്ങി പൊങ്ങിയപ്പോൾ ഒരു വള്ളിയിൽ പിടിച്ച് മിട്ടു ഉറക്കെ കരഞ്ഞു മ്യാവൂ മ്യാവൂ..

ഈ സമയം മിട്ടു വിനെ തിരഞ്ഞ് ആദി മോൻ അവിടെയെത്തി. കരച്ചിൽ കേട്ട് നോക്കിയപ്പൊൾ മിട്ടു ദാ വെള്ളത്തിൽ.. കരയണ്ട ഞാനിപ്പൊ നിന്നെ രക്ഷിക്കാം. അവൻ വേഗം ബക്കറ്റ് വെള്ളത്തിൽ ഇട്ടു കൊടുത്തു.. ദാ ഇതിൽ കയറ്.. മിട്ടു വേഗം അതിൽ കയറി. ആദി കയർ വലിച്ചു മിട്ടു പുറത്തെത്തിയതും ആദിയുടെ അടുത്തേക്ക് ചാടി. അങ്ങനെ ആദിക്ക് മിട്ടു വിനെ തിരിച്ച് കിട്ടി.

**ദ്വിവിക് വർമ്മ സി.കെ**
2 A, ANMMUPS തളി

## മണിനാഗം

ആയിരം തലയുള്ള മണിനാഗമേ
സർപ്പ രാജാവേ തൊഴുന്നേൻ ഞാൻ
സർവ്വാപരാധം തീർക്കണേ
നാഗ ദോഷങ്ങൾ മാറ്റണേ

**ആരാധ്യ വർമ്മ സി.കെ**
6 A, ANMMUPS തളി



**എംറിൻ റോസ്** N. J
5 ക്ലാസ്
സേക്രഡ് ഹാർട്ട് സ്കൂൾ, തൃശൂർ





**ആരാധ്യ വർമ്മ സി.കെ**
6 A , ANMMUPS തളി




**ദ്വിവിക് വർമ്മ CK**
2 A, ANMMUPS തളി






**സാത്വിക് കൃഷ്ണ ടി. എൻ**
യു.കെ.ജി
ഉദയ നഴ്സറി സ്കൂൾ
വെളപ്പായ





**ജോഷ്വിൻ.എൻ.ജെ**
ക്ലാസ് 2, സെന്റ് മേരിസ് സിബിപിഎസ്
കൊട്ടേക്കാട് .